بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 19

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ജൂലായ് 14/ഹി:ശം:1395 വഫാ 14/ഹി:ഖ: 1437 ശവ്വാൽ 08

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ജൂൺ 10ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു ഏഎപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**ദൈവവചനം ഒരുശക്തമായ ആകർഷണം ഉൾക്കൊള്ളുന്നതും അടിച്ചുകയറ്റിയ ഒരു ആപ്പുപോലെ മനസ്സിൽ തുളച്ചു കയറുന്നതും മനസ്സിൽ പരിശുദ്ധമായ ഒരു സ്വാധീനമുണ്ടാക്കുന്നതും മനസ്സിനെ തന്നിലേക്ക് വലിച്ചെടുക്കുന്നതുമായിരിക്കും. ആരിലാണോ ഇറങ്ങുന്നത് അവനെ യോദ്ധാവാക്കിത്തീർക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“അല്ലാഹുവിന്റെ ഭാഷണങ്ങൾ ഒരു പ്രത്യേക അനുഗ്രഹവും ഗാംഭീര്യവും രസാനുഭവവും ഉൾക്കൊള്ളുന്നുവെന്നത് ഓർക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു കേൾക്കുന്നവനും അറിയുന്നവനും കരുണാമയനുമാണ്. അതുകൊണ്ട് അവൻ തന്റെ ഭക്തരും വിശ്വസ്തരും കൂറുപുലർത്തുന്നവരുമായ ദാസർക്ക് അവരുടെ അപേക്ഷകൾക്കുള്ള ഉത്തരം നല്കുന്നു. ഈ ചോദ്യോത്തരം മണിക്കൂറുകളോളം നീണ്ടു നില്ക്കാവുന്നതാണ്. ദാസൻ ദൈനതയുടേയും വണക്കത്തിന്റേയും വർണത്തിൽ ഒരു ചോദ്യം ചോദിക്കുമ്പോൾ അതിനുശേഷം കുറച്ചു മിനിറ്റിനുള്ളിൽ അവനിൽ ഒരു മയക്കം ഉണ്ടാകുകയും ആ മയക്കത്തിന്റെ പിന്നിൽ അവന് മറുപടി കിട്ടുകയും ചെയ്യുന്നു. അതുകഴിഞ്ഞ് ദാസൻ ചോദ്യമെന്തെങ്കിലും ചോദിക്കുകയാണെങ്കിൽ ക്ഷണനേരംകൊണ്ട് അവനിൽ മറ്റൊരു മയക്കം ഉണ്ടാകുന്നു. പതിവുപോലെ അതിന്റെ പിന്നിൽ മറുപടി കിട്ടുന്നു. അല്ലാഹു എത്രമാത്രം ഉദാരനും കരുണാമയനും സൗമ്യനും ആകുന്നുവെന്നാൽ, ഒരു ദാസൻ ആയിരംവട്ടം കുറച്ചു ചോദ്യങ്ങൾ ചോദിച്ചാലും മറുപടി കിട്ടുന്നതാണ്. എന്നാൽ, അല്ലാഹു പരാശ്രയരഹിതനുമാണ്. അവൻ യുക്തിജ്ഞാനത്തേയും നന്മയേയും പരിഗണിക്കാറുണ്ട്. അതുകൊണ്ട് ചില ചോദ്യങ്ങൾക്കുള്ള മറുപടിയിൽ ആവശ്യപ്പെട്ടതിന്റെ പ്രകടനം ഉണ്ടായിരിക്കുകയില്ല. എന്തിനറിയണം എന്ന് ചോദിക്കുകയാണെങ്കിൽ ആ മറുപടികൾ അല്ലാഹുവിൽനിന്നുള്ളതാണ്; ശയ്ത്വാനിൽ നിന്നുള്ളതല്ല. അതിനുള്ള മറുപടി നാമിപ്പോൾ നല്കിക്കഴിഞ്ഞു.

ശയ്ത്വാൻ ഊമയാണ്. തന്റെ ഭാഷയിൽ സാഹിത്യസമ്പുഷ്ടിയോ ഒഴുക്കോ ഉൾക്കൊള്ളുന്നില്ല. അവന് വാഗ്‌വിലാസവും അധിക അളവിലുള്ള കാര്യങ്ങളും പറയാൻ ശക്തി ഉണ്ടാകുകയില്ല. ഒരു ദുർഗന്ധംവമിക്കുന്ന രീതിയിൽ ഒന്നോ രണ്ടോ വാക്യം മനസ്സിൽ ഇടുന്നു. അവന് തുടക്കംമുതലേ മാധുര്യത്തോടും പ്രതാപത്തോടും സംസാരിക്കാനോ കുറച്ചുമണിക്കൂറുകൾ തുടർച്ചയായി ചോദ്യങ്ങൾക്ക് മറുപടി കൊടുത്തുകൊണ്ടിരിക്കാനോ കഴിവ് നല്കപ്പെട്ടിട്ടില്ല. അവൻ ബധിരനുമാണ്. എല്ലാ ചോദ്യങ്ങൾക്കും മറുപടി നല്കാൻ സാധിക്കുകയില്ല. അവൻ അശക്തനുമാണ്. തന്റെ ഇൽഹാമുകളിൽ ഒരു ശക്തിപ്രഭാവത്തിന്റേയും ഉന്നതപദവിയിലുള്ള അദൃശ്യസംസാരത്തിന്റേയും മാതൃകകാണിക്കാൻ കഴിയുകയില്ല.[1] അവന്റെ തൊണ്ട അടഞ്ഞിരിക്കുന്നു. പ്രതാപനിർഭരതയോടും ഉയർന്ന ശബ്ദത്തിലും സംസാരിക്കാൻ കഴിയില്ല. ഹിജഡകളെപ്പോലെ അവന്റെ ശബ്ദം പതിഞ്ഞതാണ്. ഈ അടയാളങ്ങളാൽ സാത്താനിക ഇൽഹാമുകളെ തിരിച്ചറിയാവുന്നതാണ്. പക്ഷേ, അല്ലാഹു ഊമയെപോലെയോ മൂകനെപോലെയോ അശക്തനെപോലെയോ അല്ല. അവൻ എല്ലാത്തിനും മറുപടി നല്കുന്നു. അവന്റെ ഭാഷണത്തിൽ പ്രതാപവും ഗാംഭീര്യവും ഉയർന്നതലത്തിലുള്ളതുമായ ശബ്ദമുണ്ടാകുന്നു. ഭാഷണത്തിൽ ആകർഷണനിർഭരതയും തികവാർന്ന രുചിയും ഉണ്ടാകുന്നു. ശയ്ത്വാന്റെ ഭാഷണം പതിഞ്ഞും സ്ത്രൈണഭാവത്തിലും സന്ദേഹ വർണത്തിലുമാണുണ്ടാകുന്നത്. അതിൽ പ്രതാപവും ഗാംഭീര്യവും ഉയർന്നതലത്തിലുള്ള ശബ്ദവുമുണ്ടാകുകയില്ല. കൂടുതൽ സമയം തുടരുകയുമില്ല. പെട്ടെന്ന് ക്ഷീണിക്കുന്നതുപോലെ! അതിൽനിന്നും ബലഹീനതയും ഭീരുത്വവും ഇറ്റുന്നു. എന്നാൽ, അല്ലാഹുവിന്റെ ഭാഷണം ക്ഷീണിക്കുന്നതാകുകയില്ല. എല്ലാ തരത്തിലുള്ള ശക്തിയും ഉൾക്കൊള്ളുന്നു. അത് വലിയ വലിയ അദൃശ്യപരമായ കാര്യങ്ങളും ആധികാരികമായ വാഗ്ദാനങ്ങളും അടങ്ങിയതായിരിക്കും. ദൈവിക പ്രതാപത്തിന്റേയും മഹത്ത്വത്തിന്റേയും സമ്പൂർണശക്തിയുടേയും പവിത്രതയുടേയും സുഗന്ധം അതിൽനിന്നുണ്ടാകുന്നു. ശയ്ത്വാന്റെ ഭാഷണത്തിൽ ഈ പ്രത്യേകത ഉണ്ടാകുകയില്ല. ഇപ്രകാരംതന്നെ ദൈവവചനം ഒരു ശക്തമായ ആകർഷണം ഉൾക്കൊള്ളുന്നതും അടിച്ചുകയറ്റിയ ഒരു ആപ്പുപോലെ മനസ്സിൽ തുളച്ചു കയറുന്നതും മനസ്സിൽ പരിശുദ്ധമായ ഒരു സ്വാധീനമുണ്ടാക്കുന്നതും മനസ്സിനെ തന്നിലേക്ക് വലിച്ചെടുക്കുന്നതുമായിരിക്കും. ആരിലാണോ ഇറങ്ങുന്നത് അവനെ യോദ്ധാവാക്കിത്തീർക്കുന്നു. എത്രത്തോളമെന്നാൽ, അവനെ മൂർച്ചയേറിയ വാളുകൊണ്ട് കഷണംകഷണമാക്കിയാലും അല്ലെങ്കിൽ കഴുമരത്തിൽ കയറ്റിയാലും അല്ലെങ്കിൽ ലോകത്തു സാധ്യമാകാവുന്ന ഏതു തരത്തിലുള്ള പീഢനത്തിന് വിധേയനാക്കിയാലും എല്ലാതരത്തിലും നിന്ദിക്കുകയും അപമാനിക്കുകയും ചെയ്താലും വറചട്ടിയിൽ ഇരുത്തിയാലും കത്തിച്ചാലും തനിക്കിറങ്ങി കൊണ്ടിരിക്കുന്നത് ദൈവത്തിന്റെ വചനമല്ലെന്ന് അവൻ പറയുകയില്ല. കാരണം അല്ലാഹു അവന് സമ്പൂർണമായ ദൃഢജ്ഞാനം പ്രദാനം ചെയ്യുന്നു. തന്റെ മുഖകമലത്തിന്റെ പ്രേമിയാക്കുന്നു. ജീവനും അന്തസും സമ്പത്തും അവന്റെ പക്കൽ ഒരു കച്ചിത്തുരുമ്പ് പോലെയായിരിക്കും. ലോകം മുഴുവൻ അവനെ ചവുട്ടിമെതിച്ചാലും അവൻ അല്ലാഹുവിന്റെ കോന്തല വിടുകയില്ല. തന്നെ അല്ലാഹുവിൽ ഭരമേല്പിക്കുന്നതിലും ധീരതയിലും സ്ഥൈര്യത്തിലും അതുല്യനായിരിക്കും. എന്നാൽ, ശയ്ത്വാനിൽനിന്ന് ഇൽഹാം പ്രാപിക്കുന്നവനിൽ ഈ ശക്തി ഉണ്ടാകുകയില്ല. അവൻ ഭീരുവായിരിക്കും. കാരണം ശയ്ത്വാൻ ഭീരുവാണ്.

---

1.സാത്താനിക സ്വപ്നങ്ങളിലും ഇൽഹാമുകളിലും അദൃശ്യമായ വർത്തമാനം എന്തെങ്കിലും ഉണ്ടായിരിക്കുമോ എന്ന ചോദ്യം നിലനില്ക്കുന്നുണ്ട്. ഇതിനുള്ള മറുപടി ഇതാണ്. സാത്താനികസ്വപ്നങ്ങളിലും ഇൽഹാമുകളിലും വിശുദ്ധ ഖുർആനിൽനിന്ന് പ്രകടമാകുന്നതുപോലെ ചിലപ്പോൾ അദൃശ്യവാർത്ത ഉണ്ടാകാവുന്നതാണ്. എന്നാൽ, അത് മൂന്നു ലക്ഷണങ്ങൾ ഉൾക്കൊള്ളുന്നതാണ്.

(1)ഒന്നാമത്തേത് ആ അദൃശ്യത ഒരു ആധികാരികമായ അദൃശ്യതയായിരിക്കുകയില്ല; ദ്രോഹങ്ങളിൽ നിന്ന് പിൻമാറാത്ത വ്യക്തിയെ നാം നശിപ്പിക്കുകയും സത്യസന്ധത കാണിച്ച വ്യക്തിയ്ക്ക് നാം അന്തസ്സ് നല്കുകയും നാം നമ്മുടെ നബിയെ സഹായിക്കുന്നതിന് ഇന്ന അടയാളം കാണിക്കുകയും ചെയ്യുമെന്നും അതിനെ നേരിടാൻ ആർക്കും സാധിക്കുകയില്ലെന്നും നാം നിഷേധികളുടെമേൽ ഇന്ന ശിക്ഷ ഇറക്കുന്നതായിരിക്കുമെന്നും മുഅ്മിനീംകൾക്ക് ഇന്ന രീതിയിലുള്ള വിജയവും സഹായവും നല്കുന്നതായിരിക്കുമെന്നുമുള്ള അദൃശ്യത അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഉള്ളതുപോലെ. ഇത് ആധികാരികമായ അദൃശ്യതയാണ്. ഇത് ഭരണകൂടത്തിന്റെ ശക്തി ഉൾക്കൊള്ളുന്നു. ഇത്തരം പ്രവചനങ്ങൾ ശയ്ത്വാന് ചെയ്യാൻ സാധിക്കുകയില്ല.

(2) രണ്ടാമത്തേത് സാത്താനികമായ സ്വപ്നമോ ഇൽഹാമോ പിശുക്കനെ പോലെയായിരിക്കും. അധികമായ അദൃശ്യത ഉണ്ടായിരിക്കുകയില്ല. റഹ്മാനിയായ മുൽഹമിന്റെ എതിരിൽ അത്തരം വ്യക്തി ഓടി മറയുന്നതാണ്. കാരണം റഹ്മാനിയായ മുൽഹമെന്നെതിരിൽ ഇവന്റെ അദൃശ്യത എത്രമാത്രം കുറഞ്ഞ അളവിലായിരിക്കുമെന്നാൽ സമുദ്രത്തിന്നെതിരിൽ ഒരു തുള്ളി!

(3) മൂന്നാമത്തേത് കളവ് അവനിൽ അധികവും അതിജയിച്ചിരിക്കും. എന്നാൽ, റഹ്മാനിയായ സ്വപ്നം അല്ലെങ്കിൽ ഇൽഹാമിനുമേൽ സത്യം വിജയിച്ചു നില്ക്കുന്നു. അതായത് മൊത്തത്തിലുള്ള ഇൽഹാമുകളെ നോക്കുകയാണെങ്കിൽ റഹ്മാനിയായ ഇൽഹാമിൽ സത്യന്റേതായിരിക്കും അധികമുണ്ടാകുക. സാത്താനികമായതിൽ അതിനു നേരെ വിരുദ്ധവും. നാം മൊത്തം എന്ന പദം റഹ്മാനീ സ്വപ്നങ്ങളേയും ഇൽഹാമുകളേയും കുറിച്ച് ഉപയോഗിക്കാതിരുന്നത് അവയിലും ചില ഇൽഹാം അല്ലെങ്കിൽ സ്വപ്നം സാദൃശത്തിന്റെ വർണത്തിൽ ഉണ്ടാകുന്നതുകൊണ്ടാണ്. അല്ലെങ്കിൽ ഗവേഷണപരമായ നിലയിൽ എന്തെങ്കിലും തെറ്റ് ഉണ്ടായിപ്പോകുന്നു. അജ്ഞനും വിഡ്ഢിയുമായവൻ അത്തരം പ്രവചനങ്ങളെ കളവായി മനസ്സിലാക്കുന്നു. അവരുടെ അസ്തിത്വം കേവലം പരീക്ഷണത്തിനായിട്ടുള്ളതാണ്. ചില റബ്ബാനീ പ്രവചനങ്ങൾ ശിക്ഷാപരമായിട്ടുള്ളതുണ്ടാകും. അവയുടെ പിന്തിക്കൽ അനുവദനീയമാണ്. ഇപ്രകാരംതന്നെ ശയ്ത്വാനീ ഇൽഹാം ആജ്ഞാലംഘകനും അവിശുദ്ധനുമായ മനുഷ്യനുമായി ബന്ധമുള്ളതാകുന്നു. എന്നാൽ, റഹ്മാനീ ഇൽഹാമുകളുടെ ആധിക്യം വെറും പരിശുദ്ധഹൃദയർക്കും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ ലയിച്ചവർക്കുമാണുണ്ടാകുന്നത്.

**(ഹഖീഖത്തുൽ വഹ്‌യ്് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 142-144)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഇസ്‌ലാം: ശാന്തിയുടേയും സമാധാനത്തിന്റേയും മതം

(കഴിഞ്ഞലക്കം തുടർച്ച....)

**സുമയ്യ അദ്നാൻ**

മനുഷ്യവർഗ്ഗത്തെ ശുശ്രൂഷിക്കുന്നതാണ് അതിലേക്കുള്ള ഏറ്റവും നല്ലവഴി. മനുഷ്യൻ മനുഷ്യനെ വെറുക്കുന്നിടത്ത് ദൈവസാന്നിധ്യം ഒരിക്കലും നിലനിൽക്കുകയില്ല. ജാതിമത വ്യത്യാസങ്ങളെ വിസ്മരിച്ച് നാം അന്യോന്യം സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ശുശ്രൂഷിക്കുവാനും പ്രാപ്തന്മാരായിത്തീരുന്നുവെങ്കിൽ നമ്മുടെ മാതൃഭൂമിയുടെ ശുഭോദയമായി. ഇസ്‌ലാംമതത്തിൽ ജാതിവർണ ദേശ സംബന്ധമായുള്ള വ്യത്യാസങ്ങളൊന്നും തന്നെയില്ല. "നമ്മുടെ ദൈവം സർവലോകങ്ങളുടെയും സർവമതങ്ങളുടെയും നാഥനത്രെ." അല്ലാഹു പറയുന്നു. "വ ഖാതിലൂ ഫി സബീലില്ലാഹില്ലദീന യുഖാതിലൂനക്കും വലാ തഅ്തദൂ ഇന്നല്ലാഹ ലാ യുഹിബ്ബുൽ മുഅ്തദീൻ" നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ."

ദൈവത്തെ ദൈവമായും മനുഷ്യനെ മനുഷ്യനായും കാണാനും ദൈവത്തിന്റെയും മനുഷ്യജാതിയുടെയും ഏകത്വത്തിൽ സുദൃഢം വിശ്വസിക്കുവാനും ഇസ്‌ലാം നമ്മെ പ്രേരിപ്പിക്കുന്നു. ഇസ്‌ലാമിന്റെ യാതൊരു കല്പനയും അപ്രായോഗികമല്ല. മനുഷ്യസമുദായത്തിലെ എല്ലാ ജീവിതതുറകളിലും മനുഷ്യന് ഇസ്‌ലാം മാർഗ്ഗദർശനം നൽകുന്നു. ഇസ്‌ലാമികോപദേശങ്ങളിൽ ആത്മീയമൂല്യങ്ങളടങ്ങിയിരിക്കുന്നു. ആന്തരീയവും ബാഹ്യവുമായ ശുദ്ധിയെക്കുറിച്ച് നമ്മെ ഉണർത്തുന്നു. സാമൂഹികമായി പുരോഗമിക്കാനുള്ള വഴികൾ കാണിച്ചുതരുംപോലെതന്നെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നതിനായുള്ള ഉപദേശങ്ങളും നിർദ്ദേശിക്കുന്നു.

തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ് എന്ന ഖുർആനിക തത്ത്വമനുസരിച്ച് അതേ നാണയത്തിൽ ശിക്ഷ വിധിക്കാവുന്നതാണ്. എന്നാൽ, ഇതിനു പിറകേ വരുന്ന ഖുർആനിക വാക്യം ഇപ്രകാരം പറയുന്നു. "എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും അതു മുഖേന നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെയടുക്കലാണ്. തീർച്ചയായും അവൻ അക്രമകാരികളെ ഇഷ്ടപ്പെടുന്നില്ല."

ഖുർആനിക അധ്യാപനങ്ങളുടെ ഉല്ലംഘനമാണ്-മതത്തിന്റെ പേരിൽ മുസ്‌ലിംകൾ മറ്റാരെയെങ്കിലും ആക്രമിക്കുന്നത് ഒരുതരത്തിലും നീതീകരിക്കുവാൻ കഴിയില്ല. വിശുദ്ധഖുർആൻ അനുവാദം തരുന്നത് ഇസ്‌ലാമിനെതിരായി യുദ്ധം ചെയ്യുകയോ ആയുധമെടുക്കുകയോ ചെയ്യുന്നവർക്കെതിരെ മാത്രമാണ്. ഒരു പൗരനെന്ന നിലയിൽ തന്റെ രാജ്യത്തിനോ രാജ്യവാസികൾക്കോ അപകടം വരുത്തുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അയാളുടെ പ്രവൃത്തി വ്യക്തമായും ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞിരിക്കുന്നത്- "ആരാണോ നിഷ്കളങ്കനായ ഒരു മനുഷ്യന്റെ ചോര ചിന്തുന്നത്, അവൻ മുസ്‌ലിമല്ല എന്നാണ്. അത്തരക്കാർ ദുർബലവിശ്വാസികളും പാപികളുമാണ്."

രക്തം ചാലിട്ടൊഴുകുന്ന തെരുവുകളിൽ ശരീരഭാഗങ്ങൾ ചിതറിതെറിക്കുമ്പോൾ, പാർപ്പിടങ്ങൾ കത്തിയമരുമ്പോൾ, വാളും തോക്കുമേന്തി ആർത്ത് വിളിക്കുന്നു അവർ, "അല്ലാഹു അക്ബർ". സർവ്വാചരത്തെ സൃഷ്ടിച്ച എല്ലാവരുടേയും ആവശ്യങ്ങൾ ചോദിക്കാതെയും പറയാതെയും നിർവ്വഹിച്ചുകൊടുക്കുന്ന ആ സ്രഷ്ടാവിനാകുമോ അവരുടെ ക്രൂരതയേറിയ കണ്ഠങ്ങളിലെ ചോരമണക്കുന്ന തക്ബീർ വിളി കേൾക്കാൻ???

മാനുഷികമൂല്യങ്ങൾക്ക് ഇസ്‌ലാം ഒരുപാട് വില കല്പിക്കുന്നു. യുദ്ധവേളയിൽ കെടുതികൾ പരമാവധി കുറക്കാനും മോശമായ എല്ലാ രീതികൾ ഉപേക്ഷിക്കുവാനും റസൂൽ(സ) അരുൾ ചെയ്തു. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, നിരപരാധികൾ എന്നിവരെ വധിക്കുന്നത് അവിടന്ന് വിലക്കുകയുണ്ടായി. പൊതുജനങ്ങൾക്ക് വിഷമം സൃഷ്ടിക്കരുതെന്നും വ്യാപകമായ നാശനഷ്ടങ്ങൾ വരുത്തി ശാന്തിയ്ക്കു മുറിവേൽപ്പിക്കരുതെന്നും അദ്ദേഹം പറഞ്ഞിരുന്നു.

ഒരിക്കൽ ഒരു യുദ്ധാവസരത്തിൽ സ്ത്രീയേയും, കുട്ടികളേയും ഒരു മുസ്‌ലിം വധിക്കാനിടയായി. ഇത് കേട്ടപ്പോൾ നബി(സ) അത്യന്തം രോഷാകുലനായി, തന്റെ പ്രവൃത്തിയെ ന്യായീകരിക്കാനെന്നോണം വധിക്കപ്പെട്ടത് ജൂതരാണെന്ന് അറിയിക്കപ്പെട്ടു. ഇതിന് ഒരു മറുപടിയായി അദ്ദേഹം പറഞ്ഞു: 'നിരപരാധികളെ കൊല്ലുന്നത് ഘോരമായ തെറ്റാണ്. ആ സ്ത്രീയേയും കുട്ടികളേയും വധിച്ചതിലൂടെ ഒരു കൊടുംപാതകമാണ് ചെയ്തിരിക്കുന്നത്.' സമാധാനത്തിന്റെ വഴിയിൽ ഇസ്‌ലാം നൽകുന്ന മനോഹരമായ പാഠമാണിത്.

വാളുകൊണ്ട് പ്രചരിപ്പിക്കപ്പെട്ടതാണ് ഇസ്‌ലാം എന്ന ധാരണ ഒരുപാട് പേർക്കുണ്ട്. ഇസ്‌ലാംമത പ്രവാചകനായ മുഹമ്മദ് നബി(സ) ചില യുദ്ധങ്ങളിലെല്ലാം ഏർപ്പെടേണ്ടി വന്നു എന്നത് വാസ്തവം തന്നെ. അദ്ദേഹം അതൊരിക്കലും ക്ഷണിച്ചുവരുത്തിയതല്ല. മറിച്ച് തന്നെയും തന്റെ അനുചരന്മാരേയും അന്യായമായി ഹിംസിക്കുവാൻ വന്നവരോട് സമാധാനത്തിന്റെ രക്ഷയ്ക്കുവേണ്ടി മല്ലിടുക മാത്രമാണ് ആ പുണ്യാത്മാവ് ചെയ്തിട്ടുള്ളത്. ഇസ്‌ലാമിനും അതിന്റെ സ്ഥാപകർക്കും എതിരായ ആക്ഷേപങ്ങളും തെറ്റായ ആരോപണങ്ങളും ഏതൊരു മുസ്‌ലിം മനസ്സിനേയും ആഴത്തിൽ നോവിക്കുന്നതാണ്. വിദ്വേഷം നിറഞ്ഞ ദുഷ്ചെയ്തികൾ ആസൂത്രണം ചെയ്യുന്ന തീവ്രവാദ സംഘടനകൾക്കും വ്യക്തികൾക്കും ഇസ്‌ലാമികാധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല. ഒരു വ്യക്തിയുടെ താൽപര്യങ്ങൾ മതത്തിനുമേൽ ചാർത്താതിരിക്കുകയാണ് യഥാർത്ഥ നീതിക്കാവശ്യം. ആഗോള സമാധാനവും സൗഹാർദ്ദവും ഉറപ്പാക്കുന്നതിനുള്ള പരിശ്രമത്തിൽ എല്ലാ ജനങ്ങളും അന്യോന്യം എല്ലാ മതങ്ങളോടും പരസ്പരം ബഹുമാനം പ്രകടിപ്പിക്കേണ്ടതാണ്. മുമ്പേ ഇസ്‌ലാമിന് ഒരുപാട് പ്രശ്നങ്ങളും വിമർശനങ്ങളും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും അവസാനകാലം അതിന്റെ നിജസ്ഥിതി തെളിയിച്ചിരിക്കുന്നു. ദൈവത്താൽ സ്ഥാപിതമായ മതത്തിന് നേരെ മനുഷ്യരുടെ പകയ്ക്കും അസൂയക്കും എന്ത് ചെയ്യുവാൻ കഴിയും? ഇസ്‌ലാം ഒരു പാഠമായിരുന്നു. അത് ഏതൊന്നിന്മേൽ വീണുവോ ആയതിനെ അത് ഞെരിച്ചുകളയുകയും ഏതൊന്ന് അതിന്മേൽ വീണുവോ ആയതു താറുമാറായി ചിതറിപോവുകയും ചെയ്തു. നിരീശ്വരത്വം, അജ്ഞാനം, അവിശ്വാസം ഇത്യാദി മഹാവ്യാധികളിൽനിന്നും സമൂഹത്തെ വിമോചനപെടുത്തി നിത്യസൗഖ്യം നൽകിയ ഒരു പ്രത്യൗഷധമായിരുന്നു അത്.

എന്നാൽ, തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും ഒന്നുംതന്നെ ഇസ്‌ലാമിന്റെ മാർഗമല്ല. ഹൃദയപരിവർത്തനത്തിലൂടെ ലോകം കീഴടക്കാനായി ലക്ഷ്യമിട്ട ഇസ്‌ലാം പ്രഘോഷിച്ചത് സമാധാനത്തിന്റെ, ശാന്തിയുടെ മാർഗമാണ്. സന്മാർഗത്തിലൂടെയും സത്യപാതയിലൂടെയും ദൈവത്തെ കണ്ടെത്താനായി പരിശ്രമിക്കാൻ ലക്ഷോപലക്ഷം പേർക്ക് അത് പ്രചോദനമേകി. അതിന്റെ കൊടിക്കീഴിൽ ജനകോടികൾ അണിനിരന്നു. വാളിനൊരിക്കലുംതന്നെ ജനമനസ്സിനെ കീഴ്പെടുത്താനാവില്ല എന്നതിന് ചരിത്രം തന്നെയാണ് ഏറ്റവും വലിയ സാക്ഷിയും തെളിവും. അതോടൊപ്പം സമാധാനം നിലനിറുത്തുന്നതിനുവേണ്ടി ഇസ്‌ലാം മതം നൽകുന്ന മറ്റൊരു പാഠം അതിക്രമവും യുദ്ധവും അടിച്ചേൽപിക്കുന്ന പ്രകോപനപരമായ പെരുമാറ്റരീതിയിൽനിന്നും പിന്തിരിയണം എന്നതാണ്. സ്വയം രക്ഷാർത്ഥമുള്ള യുദ്ധത്തിന് ഇസ്‌ലാം അനുവാദം നൽകുന്നുണ്ട്. പോരാളികളെയല്ലാതെ അറിഞ്ഞുകൊണ്ട് മറ്റാർക്കുംതന്നെ ആക്രമം നേരിടേണ്ടിവരരുത്. എന്നാൽ നിർഭാഗ്യവശാൽ ഇന്നത്തെ കാലത്തെ യുദ്ധങ്ങളിൽ കൊല്ലപ്പെടുന്നത് മുഴുവനും സാധാരണക്കാരാണ്. ഇത് ഇസ്‌ലാമിക പാഠത്തിന്നെതിരാണ്. വാളും തോക്കുമേന്തിയ ഈ കൈകൾ കഴുകി വിശുദ്ധഖുർആൻ ഹൃദയശുദ്ധിയോടെ പാരായണം ചെയ്ത് മാനവനന്മയ്ക്കായി ഹൃദയമുരുകി സർവ്വശക്തനോട് പ്രാർത്ഥിക്കാൻ ഇവർ തയ്യാറായെങ്കിൽ...! എങ്കിൽ മാത്രമേ ഖുർആനിക വെളിച്ചത്തിന്റെ മാസ്മരികതയും ഇസ്‌ലാമിന്റെ ജീവൽദൃഷ്ടാന്തങ്ങളും ലോകം കാണുകയുള്ളൂ.

കാരുണ്യമാണ്, സൗമ്യതയാണ് ഇസ്‌ലാമിന്റെ മുഖമുദ്രതന്നെ. അറിയുന്നവർക്കും അറിയാത്തവർക്കും സമാധാനം ആശംസിക്കുകയാണ് ഇസ്‌ലാമിന്റെ ഭാവം. തന്റെ അയൽവാസി പട്ടിണികിടക്കുമ്പോൾ വയറു നിറച്ചുണ്ണുന്നവൻ നമ്മിൽപെട്ടവനല്ല. ഇസ്‌ലാമിന്റെ മഹാനായ പ്രവാചകൻ നമ്മുടെ മതത്തെ നിർവചിച്ചത് ഇപ്രകാരമാണ്. ആരുടെ നാവിൽനിന്നും കൈയിൽനിന്നും മറ്റുള്ളവർ സുരക്ഷിതരാണോ അവനാണ് മുസ്‌ലിം. ലോകാവസാനംവരെ മനുഷ്യകുലത്തിന് രക്ഷാമാർഗമാക്കി അവതീർണരായ പാവനമായ ഇസ്‌ലാമിക അധ്യാപനങ്ങൾ ഉത്തമജീവിതമാർഗം കാണിച്ചുതന്ന് മാനവകുലത്തിന് സ്നേഹസന്ദേശവുമായെത്തിയതാണ്. എല്ലാ മനുഷ്യരും ഒന്നാണെന്ന് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു. അല്ലാഹുവിന് മുമ്പിൽ ഉന്നതൻ ഏറ്റവും കൂടുതൽ നന്മ ചെയ്യുന്നവനും ദൈവസ്നേഹവും ഉള്ളവനാണ്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും പരസ്പരം സ്നേഹമാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. പ്രത്യേകമായും സമൂഹത്തിലെ അശരണരും നിരാലംബരുമായ അനാഥകളെ പരിരക്ഷിക്കുന്നതിന്.

ഹദ്റത്ത് മുഹമ്മദ് നബി(സ)ന്റെ മഹനീയ ജീവിതം ഏകദൈവവിശ്വാസത്തിന്റേയും മനുഷ്യസ്നേഹത്തിന്റേയും പ്രഭാപൂരമായിരുന്നു. സകല തലമുറകൾക്കും അത് മാർഗദീപമായിരുന്നു. ഇസ്‌ലാമിനെ ഭീകരമതമായി ചിത്രീകരിക്കുന്നവർ ചൂണ്ടിക്കാണിക്കുന്നത് ആദ്യകാല ഇസ്‌ലാമിക ചരിത്രത്തിലെ യുദ്ധങ്ങളാണ്. നബി(സ) തിരുമേനിയും അനുയായികളും അവിശ്വാസികൾക്കെതിരെ യുദ്ധം ചെയ്തിരുന്നുവെന്നും അതുകൊണ്ട് ഇസ്‌ലാമിന്റെ പ്രചാരണത്തിനായി ആ മാർഗം ഉപയോഗിക്കാമെന്നും ചില മുസ്‌ലിംകൾ വാദിക്കുന്നുണ്ട്. അതിനുവേണ്ടി ജിഹാദ് എന്ന പദത്തെ ദുർവ്യാഖ്യാനം ചെയ്യാനും അവർ മടിക്കുന്നില്ല. നബി(സ) തിരുമേനി എത്രതന്നെ വിഷമങ്ങൾ നേരിട്ടെങ്കിലും ആ മഹാനുഭാവൻ അതിനെതിരായി പ്രതിക്രിയകൾ ചെയ്തില്ല. ചരിത്രത്തിൽ എഴുതപ്പെട്ട ഈ സത്യങ്ങളെ പിന്തുടർന്ന് ജീവിക്കാൻ നാമും പ്രേരിതമാകണം. (അടുത്ത ലക്കത്തിൽ അവസാനിക്കും)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.
**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**ഇസ്‌ലാമിന് മുമ്പേയുള്ള മതങ്ങളിലും നോമ്പുകൾ നിശ്ചയിക്കപ്പെട്ടിരുന്നു എന്നതിലല്ല നോമ്പിന്റെ പ്രാധാന്യം. പ്രത്യുത നിങ്ങൾ തഖ്‌വ കൈക്കൊള്ളുകയും അങ്ങനെ തിന്മകളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുക എന്നകാര്യത്തിലാണ് പ്രാധാന്യമുള്ളത്.**
**നോമ്പിന്റെ യഥാർഥമായ ലക്ഷ്യം നിങ്ങൾ ദൈവഭക്തിയിൽ അഭിവൃദ്ധിപ്പെടുകയെന്നതാണ്. ഒരു മാസം തർബിയ്യത്തിനായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിൽ നിങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തുക. ഈ ദൈവഭക്തി നിങ്ങളുടെ നന്മകളുടെ നിലവാരവും ഉയർത്തുന്നതാണ്. ഇത് നിങ്ങളെ സ്ഥിരമായ നന്മകളിൽ നിലനിറുത്തുന്നതുമാണ്. അല്ലാഹുവിന്റെ സാമീപ്യവും നല്കുന്നതാണ്. ഇപ്രകാരംതന്നെ ചെയ്തുപോയ പാപങ്ങളും മാപ്പാക്കപ്പെടുന്നതാണ്.**
**ഇന്ന് ദീനിന്റെ പേരിൽ നാമധാരികളായ ഉലമാ മുസ്‌ലീംകളെക്കൊണ്ടു അല്ലാഹുവിന്റെ തൃപ്തിക്കു തികച്ചും കടകവിരുദ്ധവും തഖ്‌വയിൽനിന്ന് അകന്നതുമായ പ്രവൃത്തികൾ ചെയ്യിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ അഹ്മദികൾ ഭാഗ്യവാന്മാരാണ്. അവർക്ക് ഇക്കാലത്തെ ഇമാമിനേയും നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയേയും വിശ്വസിക്കാൻ തൗഫീഖ് കിട്ടി. അദ്ദേഹം നമുക്ക് ഇസ്‌ലാമികാധ്യാപനങ്ങളുടെ അതിസൂക്ഷ്മമായ കാര്യങ്ങൾ വിവരിച്ചുതന്നു.**
**തഖ്‌വ എന്താണ്? തഖ്‌വ കരസ്ഥമാകുന്നത് ഏതേതെല്ലാം കാര്യങ്ങളിൽനിന്നാണ്? തന്റെ ജമാഅത്തംഗങ്ങളിൽനിന്ന് ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്താണ് പ്രതീക്ഷിക്കുന്നത്? ഇക്കാര്യങ്ങൾ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഞാൻ ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ നിങ്ങളുടെ മുമ്പിൽ വെക്കാനാഗ്രഹിക്കുകയാണ്. ഇതു നമ്മുടെ ഈമാൻ വർധിപ്പിച്ചുകൊണ്ട് തഖ്‌വയിൽ നിലനിറുത്തുന്ന മാർഗദർശനപരമായ കാര്യങ്ങളാണ്. നമ്മൾ തഖ്‌വ അഥവാ ഭക്തി കരസ്ഥമാക്കുന്നതിനുവേണ്ടി ഏതൊരു തർബിയ്യത്തിന്റെ മാസത്തിലൂടെയാണോ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് അതിന് പ്രവർത്തന രൂപരേഖയും നിശ്ചയിക്കുന്നു.**
**ഹദ്റത്ത് മസീഹ് മൗഊദ്(അ)തഖ്‌വയുടെ വിഷയത്തിൽ വിവിധ സ്ഥലങ്ങളിൽ എഴുതിയിട്ടുള്ള നിർദേശങ്ങളുടെ ചർച്ച. അതുദ്ധരിച്ചുകൊണ്ട് ജമാഅത്തംഗങ്ങൾക്ക് ഉപദേശം.**
**യു.കെ.യിലെ പരേതനായ അബ്ദുൽഹമീദ് സാഹിബ് കാവൺട്രിയുടെ ഭാര്യ ത്വാഹിറ ഹമീദ് സാഹിബയേയും അട്ടക് ജില്ലയിലെ ശരീഫ് അഹ്മദ് സാഹിബിന്റെ മകൻ ഹമീദ് അഹ്മദ് സാഹിബ് ശഹീദിനേയും കുറിച്ചുള്ള അനുസ്മരണം.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ജൂൺ 10/1395 ഇഹ്സാൻ 10**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

يٰٓاَيُّهَا الَّذِيْنَ اٰمَنُوْا لَا تَتَّبِعُوْا خُطُوٰتِ الشَّيْطٰنِ۔ وَمَنْ يَّتَّبِعْ خُطُوٰتِ الشَّيْطٰنِ فَاِنَّهٗ يَاْمُرُ بِالْفَحْشَآءِ

وَالْمُنْكَرِ۔ وَلَوْلَا فَضْلُ اللّٰهِ عَلَيْكُمْ وَرَحْمَتُهٗ مَا زَكٰى مِنْكُمْ مِّنْ اَحَدٍ اَبَدًا وَّلٰكِنَّ اللّٰهَ يُزَكِّيْ مَنْ

يَّشَآءُ۔ وَاللّٰهُ سَمِيْعٌ عَلِيْمٌ۔ (النور:22)

**യാ അയ്യുഹല്ലദീന ആമനൂ കുതിബ അലയ്ക്കുമുസ്സ്വിയാമു കമാ കുതിബ അലല്ലദീന മിൻഖബ്‌ലിക്കും ലഅല്ലക്കും തത്തഖൂൻ(2:184)**

"വിശ്വാസികളേ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻവേ."(2:184)

നമ്മുടെ ഇഹലോകവും പരലോകവും സുവർണമാക്കിത്തീർക്കുന്നതിനുള്ള ഒരു കാര്യത്തിലേക്കാണ് അല്ലാഹു ഈ വചനത്തിൽ നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. അക്കാര്യമാണ് ലഅല്ലക്കും തത്തഖൂൻ. ഇസ്‌ലാമിന് മുമ്പേയുള്ള മതങ്ങളിലും നോമ്പുകൾ നിശ്ചയിക്കപ്പെട്ടിരുന്നു എന്നതിലല്ല നോമ്പിന്റെ പ്രാധാന്യം. പ്രത്യുത നിങ്ങൾ തഖ്‌വ കൈക്കൊള്ളുകയും അങ്ങനെ തിന്മകളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുക എന്ന കാര്യത്തിലാണ് പ്രാധാന്യമുള്ളത്.

നോമ്പെന്താണ്? അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി സാധാരണ അവസ്ഥകളിൽ അനുവദനീയമായിട്ടുള്ള കാര്യങ്ങളേയും ഒരു മാസം നമ്മൾ തടഞ്ഞുനിറുത്തുക. ഈ മാസത്തിൽ മനുഷ്യൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി അനുവദനീയമായ കാര്യങ്ങൾപോലും തടഞ്ഞു നിറുത്താൻ ശ്രമിക്കുമ്പോൾ അനുവദനീയമല്ലാത്തകാര്യങ്ങളും തിന്മകളും ഒരിക്കലും അവനിൽനിന്നുണ്ടാകുകയില്ല. ഒരുവൻ ഈ ആത്മാവിനെ മുമ്പിൽവച്ചുകൊണ്ട് നോമ്പെടുക്കുന്നില്ലെങ്കിൽ- ഞാൻ ഈ ദിവസം അല്ലാഹുവിന്റെ തൃപ്തിയ്ക്ക് മുൻഗണന നല്കിക്കൊണ്ട് അല്ലാഹു രക്ഷപ്പെടാൻ കല്പിച്ചിട്ടുള്ള കാര്യങ്ങളിൽനിന്ന് രക്ഷപ്പെടണമെന്നും അല്ലാഹു ചെയ്യാൻ കല്പിച്ചിട്ടുള്ള കല്പനകൾ ചെയ്യണമെന്നുമുള്ള ആത്മാവ് എപ്പോഴും നമ്മുടെ മുമ്പിൽ ഇല്ലെങ്കിൽ, അതനുസരിച്ച് കർമം ചെയ്യാൻ ശ്രമിക്കുന്നില്ലെങ്കിൽ ഈ നോമ്പ് നിഷ്ഫലമാണ്. നബി(സ) പറഞ്ഞു: "നിങ്ങൾ വിശന്നിരിക്കേണ്ട ആവശ്യം അല്ലാഹുവിനില്ല."(ബുഖാരി കിതാബുസ്സൗം ഹദീഥു നമ്പർ 1903)

നോമ്പിന്റെ യഥാർഥമായ ലക്ഷ്യം നിങ്ങൾ ദൈവഭക്തിയിൽ അഭിവൃദ്ധിപ്പെടുകയെന്നതാണ്. ഒരു മാസം തർബിയ്യത്തിനായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിൽ നിങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തുക. ഈ ദൈവഭക്തി നിങ്ങളുടെ നന്മകളുടെ നിലവാരവും ഉയർത്തുന്നതാണ്. ഇത് നിങ്ങളെ സ്ഥിരമായ നന്മകളിൽ നിലനിറുത്തുന്നതുമാണ്. അല്ലാഹുവിന്റെ സാമീപ്യവും നല്കുന്നതാണ്. ഇപ്രകാരം തന്നെ ചെയ്തുപോയ പാപങ്ങളും മാപ്പാക്കപ്പെടുന്നതാണ്.

നബി(സ) ഒരവസരത്തിൽ പറഞ്ഞു: "ആരാണോ റമളാനിലെ നോമ്പ് തന്റെ ഈമാനിന്റെ അവസ്ഥയിലും ആത്മപരിശോധന നടത്തിക്കൊണ്ടും പിടിക്കുന്നത് അവന്റെ കഴിഞ്ഞ പാപങ്ങളൊക്കെ മാപ്പാക്കപ്പെടുന്നതായിരിക്കും."(ബുഖാരി കിതാബുസ്സൗം ഹദീഥു നമ്പർ 1901)

അങ്ങനെ കഴിഞ്ഞ പാപങ്ങൾ മാപ്പാക്കപ്പെടുകയും അതിനുശേഷം തഖ്‌വാ അഥവാ ദൈവഭക്തി കൈക്കൊണ്ട് മനുഷ്യൻ അതിൽ നിലകൊള്ളുകയും ചെയ്യുമ്പോൾ അത്തരക്കാരൻ തീർച്ചയായും റമളാനിലൂടെ കടന്നു പോകുന്നതിന്റെ ഉദ്ദേശ്യത്തിൽ വിജയം വരിക്കുന്നതാണ്. എന്നല്ല അവൻ തന്റെ ജീവിതോദ്ദേശ്യം പ്രാപിച്ചു.

വിശുദ്ധഖുർആൻ വിവരിച്ചിട്ടുള്ള ദൈവഭക്തിയുടെ നേട്ടങ്ങളിൽ ഒരു നേട്ടം അല്ലാഹുതന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ഫത്തഖുല്ലാഹ യാ ഉലിൽ അൽബാബി ലഅല്ലക്കും തുഫ്‌ലിഹൂൻ(5:101) അല്ലയോ ബുദ്ധിമാന്മാരേ! നിങ്ങൾ വിജയം വരിക്കുന്നതിന് ദൈവഭക്തി കൈക്കൊള്ളുക. അങ്ങനെ ഉദ്ദേശ്യം സഫലമാകുന്നവരാകുക. വിജയം കരസ്ഥമാക്കാനാഗ്രഹിക്കാത്തവരാരുണ്ട്. ഭൗതികമായ വിജയങ്ങൾ ഇവിടെ മരവിച്ചുപോകുന്നതാണ്. യഥാർഥ വിജയം എന്നത് ഈ ലോകത്തിന്റേയും പരലോകത്തിന്റേയും വിജയമാണ്. അല്ലാഹു പറഞ്ഞു: നിങ്ങളിൽ ബുദ്ധിയുണ്ടെങ്കിൽ കേട്ടുകൊള്ളുക, തഖ്‌വയിൽ നിലകൊള്ളുന്നതുകൊണ്ടു മാത്രമേ വിജയം ലഭിക്കുകയുള്ളൂ. ഇന്ന് ദീനിന്റെ പേരിൽ നാമധാരികളായ ഉലമാ മുസ്‌ലീംകളെക്കൊണ്ടു അല്ലാഹുവിന്റെ തൃപ്തിക്കു തികച്ചും കടകവിരുദ്ധവും തഖ്‌വയിൽനിന്ന് അകന്നതുമായ പ്രവൃത്തികൾ ചെയ്യിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ അഹ്മദികൾ ഭാഗ്യവാന്മാരാണ്. അവർക്ക് ഇക്കാലത്തെ ഇമാമിനേയും നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയേയും വിശ്വസിക്കാൻ തൗഫീഖ് കിട്ടി. അദ്ദേഹം നമുക്ക് ഇസ്‌ലാമികാധ്യാപനങ്ങളുടെ അതിസൂക്ഷ്മമായ കാര്യങ്ങൾ വിവരിച്ചുതന്നു.

തഖ്‌വ എന്താണ്? തഖ്‌വ കരസ്ഥമാകുന്നത് ഏതേതെല്ലാം കാര്യങ്ങളിൽനിന്നാണ്? തന്റെ ജമാഅത്തംഗങ്ങളിൽനിന്ന് ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്താണ് പ്രതീക്ഷിക്കുന്നത്? ഇക്കാര്യങ്ങൾ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഞാൻ ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ നിങ്ങളുടെ മുമ്പിൽ വെക്കാനാഗ്രഹിക്കുകയാണ്. ഇതു നമ്മുടെ ഈമാൻ വർധിപ്പിച്ചുകൊണ്ട് തഖ്‌വയിൽ നിലനിറുത്തുന്ന മാർഗദർശനപരമായ കാര്യങ്ങളാണ്. നമ്മൾ തഖ്‌വ അഥവാ ഭക്തി കരസ്ഥമാക്കുന്നതിനുവേണ്ടി ഏതൊരു തർബിയ്യത്തിന്റെ മാസത്തിലൂടെയാണോ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് അതിന് പ്രവർത്തന രൂപരേഖയും നിശ്ചയിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "തഖ്‌വ അഥവാ ദൈവഭക്തിയെന്നത് ചെറിയ കര്യമല്ല. അതുമുഖേന മനുഷ്യന്റെ എല്ലാ ഓരോ ആന്തരിക ശക്തിയിലും കഴിവിലും വിജയം പിടിച്ചടക്കിയിട്ടുള്ള സകല ശയ്ത്വാന്മാരുമായുള്ള പോരാട്ടാണ് നടക്കുന്നത്. ദോഷപ്രവണമായ ആത്മാവിന്റെ അവസ്ഥയിൽ മനുഷ്യന്റെ ഉള്ളിൽ എല്ലാ ശക്തികളിലും ശയ്ത്വാൻ കുടികൊള്ളുന്നുണ്ട്." (അതായത് തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്ന ശക്തികൾ. അല്ലെങ്കിൽ തിന്മയിലേക്ക് പോകാനും നന്മയിൽനിന്ന് തടയാനും മനുഷ്യന്റെ ഉള്ളിൽ വരുന്ന ചിന്തകൾ! ഇത് മനുഷ്യന്റെ ഉള്ളിലെ ശയ്ത്വാനാണ്). പറഞ്ഞു:"പരിഷ്കരണം പ്രാപിക്കുന്നില്ലെങ്കിൽ"(ദോഷപ്രവണമായ ആത്മാവിന്റെ രൂപത്തിലുള്ള നിങ്ങളുടെ ഉള്ളിലെ ശക്തികളെ-അത് ശയ്ത്വാന്റെ രൂപത്തിലുള്ളതാണ്-പരിഷ്കരിച്ചെടുക്കുന്നില്ലെങ്കിൽ അല്ലെങ്കിൽ ഈ ശക്തികൾ പരിഷ്കരണം പ്രാപിക്കുന്നില്ലെങ്കിൽ പിന്നീടുണ്ടാകുന്ന ഫലമെന്തായിരിക്കും)"മനുഷ്യനെ അടിമയാക്കിക്കളയും." പറഞ്ഞു:"അറിവും ബുദ്ധിയും മോശമായ നിലയിൽ ഉപയോഗിക്കുകയാണെങ്കിൽ ശയ്ത്വാനായിത്തീരും." (അറിവ് വളരെ നല്ല കാര്യമാണ്. മനുഷ്യന്റെ ബുദ്ധി, മനുഷ്യൻ ബുദ്ധിമാനാണെങ്കിൽ വലിയ വലിയ പ്രവൃത്തികൾ ചെയ്യാൻ കഴിയും. പക്ഷേ, ഈ

അറിവിലും മനുഷ്യന്റെ ബുദ്ധിയിലും അവൻ അഭിമാനിക്കാൻ തുടങ്ങിയാൽ, അവയെ തെറ്റായ പ്രവൃത്തികളിൽ ഉപയോഗിക്കാൻ തുടങ്ങിയാൽ അല്ലെങ്കിൽ അവയെ നന്മകൾക്കെതിരെ നിറുത്തിയാൽ അത് ശയ്ത്വാനായിത്തീരുന്നു)പറഞ്ഞു:“മുത്തഖിയുടെ ജോലി അവയേയും അതുപോലെതന്നെയുള്ള മറ്റു എല്ലാ കഴിവുകളേയും രൂപാന്തരപ്പെടുത്തുകയാണ്.”(മൽഫൂദാത്ത് വാള്യം 1 പേജ് 33 1985 ലണ്ടൻ പതിപ്പ്)

ആരാണ് മുത്തഖി? അത്തരം അവസരത്തിൽ അവന്റെ ജോലി എന്താണ്? അറിവ്, ബുദ്ധി, അല്ലെങ്കിൽ മനുഷ്യന് അല്ലാഹു നല്കിയിട്ടുള്ള മറ്റു കാര്യങ്ങൾ -ശക്തികളും നല്കിയിട്ടുണ്ട്- അവയെ ശരിയായ അവസരത്തിൽ ഉപയോഗിക്കുക എന്നതാണ് മുത്തഖിയുടെ യഥാർഥ ജോലി. ശരിയായ അവസരത്തിൽ ഉപയോഗിക്കപ്പെടുന്നില്ലെങ്കിൽ ഇതേ കാര്യങ്ങൾതന്നെ മനുഷ്യന് നഷ്ടമുണ്ടാക്കുന്നതാണ്. അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടു പോകുന്നതാണ്. ശയ്ത്വാനോടു അടുപ്പിക്കുന്നതുമാണ്.

പിന്നീട് അവിടന്ന് ഒരിടത്ത് പറയുന്നു: “ദൈവഭക്തി അഥവാ തഖ്‌വയുടെ വിഷയം അതിസൂക്ഷ്മമാണ്. അത് കരസ്ഥമാക്കുക. ദൈവത്തിന്റെ പ്രതാപം മനസ്സിൽ കുടിയിരുത്തുക. ഏതൊരുവന്റെ കർമങ്ങളിലാണോ അല്പം പോലും പ്രദർശനപരതയുള്ളത് അല്ലാഹു അവന്റെ കർമത്തെ അവന്റെ മുഖത്തേക്കുതന്നെ വലിച്ചെറിയുന്നതാണ്.”(ഒരു കർമങ്ങളിലും പ്രദർശനപരത ഉണ്ടാകരുത്. പ്രകടനപരത ഉണ്ടാകരുത്. കൃത്രിമം ഉണ്ടാകരുത്. അതുണ്ടെങ്കിൽ ആ കർമം അല്ലാഹുവിനുള്ളതല്ല. അത് ഇബാദത്താണെങ്കിലും വേണ്ടില്ല, വിശുദ്ധ ഖുർആൻ പാരായണമാണെങ്കിലും വേണ്ടില്ല, നോമ്പാനുഷ്ഠാനമാണെങ്കിലും വേണ്ടില്ല. മറ്റെന്ത് നന്മകളാണെങ്കിലും വേണ്ടില്ല). പറഞ്ഞു: “മുത്തഖി-സൂക്ഷ്മ ജീവിതം നയിക്കുന്ന ദൈവഭക്തനാകുക എന്നത് പ്രയാസമാണ്. ഉദാഹരണത്തിന് നീ പേന മോഷ്ടിച്ചു എന്ന് ആരെങ്കിലും പറഞ്ഞാൽ അവന്റെ നേരെ കോപിക്കുന്നതെന്തിനാണ്.”(എന്റെ പേന ഇവിടെ കിടന്നിരുന്നു, നീ അത് മോഷ്ടിച്ചു. അതെടുത്തു. അപ്പോൾ നീ ആ സമയത്ത് ദ്വേഷപ്പെടുന്നു. അതെന്തിനാണ്?) “നീ പ്രതികരിക്കാതെ പിൻമാറുന്നത് അല്ലാഹുവിനു വേണ്ടി മാത്രമാണ്.”(നന്മയുണ്ടെങ്കിൽ,തഖ്‌വയുണ്ടെങ്കിൽ ആ ദ്വേഷത്തിൽനിന്നുള്ള രക്ഷപ്പെടൽ അല്ലാഹുവിനുവേണ്ടിയായിരിക്കേണ്ടതാണ്. നിസാര കാര്യത്തിന് നിങ്ങളുടെ അഹംഭാവം മുന്നിൽ കൊണ്ടുവരാതിരിക്കുക. എന്നല്ല നിങ്ങളുടെ കർമങ്ങൾ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് വാർത്തെടുക്കുക).പറഞ്ഞു: “സത്യമാർഗത്തിലല്ലാത്തതുകൊണ്ടാണ് ആ കോപമുണ്ടായത്.” (എന്തുകൊണ്ടാണ് ഈ ദ്വേഷം വന്നത്?നിങ്ങളുടെ യഥാർഥ ഉദ്ദേശ്യം അല്ലാഹുവിന്റെ പ്രീതിയായിരുന്നില്ല. നീ നിന്റെ അഹംഭാവത്തിലേക്ക് നടക്കുകയായിരുന്നു). “യഥാർഥമായ നിലയിൽ മനുഷ്യനിൽ ഒരുപാട് മരണങ്ങൾ വരാത്തിടത്തോളം അവന് മുത്തഖിയാവാൻ കഴിയില്ല.” പറഞ്ഞു: “മുഅജിസത്തുകളും, ഇൽഹാമുകളും തഖ്‌വ അഥവാ ദൈവഭക്തിയുടെ ശാഖയാണ്. യഥാർഥം തഖ്‌വയാണ്.” (തനിക്ക് ഇൽഹാമുകളുണ്ടാകുന്നുവെന്നും അല്ലെങ്കിൽ മുഅ്ജിസ്ത്തുകൾ കാണിക്കുന്നുവെന്നും ആരെങ്കിലും പറഞ്ഞാൽ ഇത് തഖ്‌വ കാരണത്താലുള്ള ഒരു ആന്തരികമായ കാര്യമാണ്. യതാർഥ കാര്യം തഖ്‌വയാണ്)“അതുകൊണ്ട് നിങ്ങൾ വെളിപാടുകളുടേയും സ്വപ്നങ്ങളുടേയും പിന്നാലെ പോവാതിരിക്കുക. മറിച്ച് തഖ്‌വ സമ്പാദിക്കുന്നതിന്റെ പിന്നാലെകൂടുക. ആരാണോ മുത്തഖി അവന്റെ വെളിപാടുകളും ശരിയായിട്ടുള്ളതാണ്. തഖ്‌വ ഇല്ലെങ്കിൽ വെളിപാടുകളും അംഗീകാരാർഹമാകുകയില്ല. അവയിൽ ശയ്ത്വാന്റെ ഓഹരി ഉണ്ടാകാവുന്നതാണ്. മുൽഹം ആണെന്നുവച്ച് ആരുടെയും തഖ്‌വയെ തിരിച്ചറിയരുത്.” (അവൻ വലിയ മുത്തഖിയാണ്, അവന് ധാരാളം സ്വപ്നങ്ങളുണ്ടാകുന്നു, വളരെ നല്ലവനാണ്, ഇൽഹാമുകളുണ്ടാകുന്നു, കശ്ഫുകളുണ്ടാകുന്നു എന്നൊന്നും മനസ്സിലാക്കരുത്. പ്രത്യുത അവന്റെ ഇൽഹാമുകളെ അവന്റെ തഖ്‌വയുടെ അവസ്ഥകൊണ്ട് പരിശോധിക്കുക. ഇൽഹാമുകളും സ്വപ്നങ്ങളും ശരിയാണോയെന്ന് പരിശോധിക്കണമെങ്കിൽ അവനിൽ തഖ്‌വകൂടി ഉണ്ടോ എന്ന് നോക്കുക. ചില ചെറിയ ചെറിയ കാര്യങ്ങളുണ്ടാകും. ഉദാഹരണത്തിന് നീ എന്റെ ഇന്ന സാധനം മോഷ്ടിച്ചുവെന്ന് ഒരാൾ പറഞ്ഞു. അപ്പോൾ അവന് ദ്വേഷംവന്നു. ഈ ദ്വേഷപ്പെടൽ, ഈ കോപം തന്റെ അവകാശത്തിനുവേണ്ടി മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കലാണ്. ഇക്കാര്യങ്ങൾ തഖ്‌വയല്ല. ഇക്കാര്യങ്ങളില്ലെങ്കിൽ താൻ വലിയ സ്വപ്നങ്ങൾ കാണുന്നുവെന്നും തനിക്ക് കശ്ഫുകളുണ്ടാകുന്നുവെന്നും ലക്ഷം തവണ ഒരാൾ പറഞ്ഞാലും അതെല്ലാം തെറ്റാണ്). പറഞ്ഞു:“മുൽഹം ആണെന്നുവച്ച് ആരുടെയും തഖ്‌വയെ തിരിച്ചറിയരുത്. പ്രത്യുത അവന്റെ ഇൽഹാമുകളെ അവന്റെ തഖ്‌വയുടെ അവസ്ഥകൊണ്ട് പരിശോധിക്കുകയും അനുമാനിക്കുകയും ചെയ്യുക. എല്ലാ ഭാഗത്തുനിന്നും കണ്ണുകളടച്ച് ആദ്യം തഖ്‌വയുടെ ഘട്ടങ്ങൾ തരണം ചെയ്യുക. നബിമാരുടെ മാതൃക നിലനിറുത്തുക. എത്രത്തോളം നബിമാർ വന്നിട്ടുണ്ടോ എല്ലാവരുടേയും വാദം തഖ്‌വയുടെ വഴികൾ പഠിപ്പിക്കുന്നു എന്നതായിരുന്നു. ഇൻ ഔലിയാഉഹൂ ഇല്ലൽമുത്തഖൂൻ(8:35) അതിന്റെ രക്ഷാധികാരികൾ ദോഷബാധയെ സൂക്ഷിക്കുന്നവർ മാത്രമാണ്. എന്നാൽ, വിശുദ്ധ ഖുർആനിൽ തഖ്‌വയുടെ അതിസൂക്ഷ്മമായ വഴികൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. സമ്പൂർണമായ നബിയുടെ സമ്പൂർണത ഉമ്മത്തിനെ ആഗ്രഹിക്കുന്നു.”പറഞ്ഞു: “കാരണം നബി(സ) ഖാത്തമുന്നബിയ്യീൻ ആയിരുന്നു. അതുകൊണ്ട് നബിതിരുമേനിയുടെമേൽ നുബുവ്വത്തിന്റെ എല്ലാ പരിപൂർണതകളും അവസാനിച്ചു. ആരാണോ അല്ലാഹുവിനെ തൃപ്തിപ്പെടുത്താനാഗ്രഹിക്കുന്നത്, ദിവ്യാത്ഭുതങ്ങൾ കാണാനാഗ്രഹിക്കുന്നത്, മനുഷ്യകരങ്ങൾക്ക് അതീതമായിട്ടുള്ള അത്ഭുതപ്രവർത്തികൾ ആഗ്രഹിക്കുന്നത് അവൻ തന്റെ ജീവിതത്തിലും അത്ഭുതകരമായ ശീലമുണ്ടാക്കേണ്ടതാണ്.”(മൽഫൂദാത്ത് വാള്യം 2 പേജ് 301-302 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് ഈ വിപ്ലവം നമ്മൾ കൊണ്ടുവരേണ്ട അവശ്യമുണ്ട്. നബി (സ)നെ വിശ്വസിക്കുന്നവരും അവിടത്തെ ഉമ്മത്തിൽപ്പെട്ടവരുമാകുമ്പോൾ ആ ദിവ്യാത്മാവിന്റെ ജീവിതമാതൃക നമുക്കുള്ളതാണ്. അതിനുവേണ്ടി ചെയ്യേണ്ടത് അല്ലാഹുമായിട്ടുള്ള ബന്ധം വർധിപ്പിക്കുകയും യഥാർഥമായ ദൈവഭക്തി ഉണ്ടാക്കുകയുമാണ്.

പിന്നീട് എല്ലാ ഓരോ നന്മയുടേയും വേര് തഖ്‌വയാണെന്നതിന് വിശദീകരണം നല്കിക്കൊണ്ട് അവിടന്ന് പറഞ്ഞു: “തഖ്‌വ കൈക്കൊള്ളുക. തഖ്‌വ എല്ലാ കാര്യങ്ങളുടേയും വേരാകുന്നു. തഖ്‌വ എന്നതിന്റെ അർഥം അതിസൂക്ഷ്മമായ പാപങ്ങളുടെ ഞരമ്പുകളിൽ നിന്നുപോലും രക്ഷപ്പെടുകയെന്നതാണ്. തഖ്‌വയെന്നു പറയുന്നത് ഏതുകാര്യത്തിലാണോ തിന്മയുണ്ടാകാം എന്ന സന്ദേഹമുണ്ടാകുന്നത് അതിൽനിന്ന് പിന്മാറുകയാണ്.” (അല്ലാതെ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ബാഹ്യമായ തിന്മയല്ല. മറിച്ച് എന്തെങ്കിലും തിന്മയുണ്ടാകാം എന്ന സംശയമുണ്ടെങ്കിലും അതിൽ നിന്ന് രക്ഷപ്പെടുക.) പറഞ്ഞു: “മനസ്സിന്റെ ഉദാഹരണം ഒരു വലിയ നദിയുടേതാണ്. അതിൽനിന്ന് ചെറിയ ചെറിയ തോടുകളും പുറപ്പെടുന്നു.”(പഞ്ചാബിൽ, ഇന്ത്യയിൽ, പാക്കിസ്താനിൽ ചെറിയ നദികൾക്ക് അവരുടെ തദ്ദേശഭാഷകളിൽ സുആ എന്നും രാജ്ബാബാ എന്നുമാണ് പറയുന്നത്). പറഞ്ഞു: “മനസ്സിന്റെ നദിയിൽനിന്നും ചെറിയ ചെറിയ തോടുകൾ പുറപ്പെടുന്നു. ഉദാഹരണത്തിന് നാവു തുടങ്ങിയവ. ചെറിയ നദി അല്ലെങ്കിൽ തോട്ടിലെ വെള്ളം മലിനമാണെങ്കിൽ മോശമാണെങ്കിൽ അഴുക്കാണെങ്കിൽ വലിയ നദിയിലെ വെള്ളവും മോശമാണെന്ന് അനുമാനിക്കുന്നു. ഏതെങ്കിലും ഒരുത്തന്റെ നാവോ കൈയോ കാലോ തുടങ്ങിയവയിൽനിന്ന് ഏതെങ്കിലും അവയവം അശുദ്ധമായി കണ്ടാൽ അവന്റെ മനസ്സും അങ്ങനെത്തന്നെയാണെന്ന് മമസ്സിലാക്കിക്കൊള്ളുക.”(മൽഫൂദാത്ത് വാള്യം 2 പേജ് 321 1985 ലണ്ടൻ പതിപ്പ്)

ആരുടെയെങ്കിലും നാവ് ദുഷിച്ചതാണെങ്കിൽ നോമ്പുപിടിച്ചിട്ടും കലഹങ്ങളിൽനിന്നും അടിപിടികളിൽനിന്നും ചീത്തപറയുന്നതിൽനിന്നും പിന്മാറുന്നില്ലെങ്കിൽ അവന്റെ കൈകളിലൂടെ തെറ്റായ പ്രവൃർത്തിയാണ് ഉണ്ടായികൊണ്ടിരിക്കുന്നതെങ്കിൽ അവന്റെ മനസ്സ് ശരിയല്ല എന്ന മനസ്സിലാക്കിക്കൊള്ളുക. അവൻ തഖ്‌വയിൽ നിന്ന് അകന്നു കിടക്കുന്നവനാണ്.

ദരിദ്രന്റേയും അഗതിയായവന്റേയും അവസ്ഥപോലുള്ള അവസ്ഥയിൽ ജിവിക്കേണ്ടതാണ്. ഇതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടന്ന് പറയുന്നു: “ദൈവഭക്തർക്കുള്ള നിബന്ധന അവർ തങ്ങളുടെ ജീവിതം ദരിദ്രഭാവത്തിൽ കഴിച്ചുകൂട്ടുകയെന്നതാണ്. ഇത് തഖ്‌വയുടെ ഒരു ശാഖയാണ്. ഇതുമുഖേന അനുവദനീയമല്ലാത്ത കോപത്തെ നമുക്ക് നേരിടേണ്ടതാണ്.” (അനാവശ്യമായിട്ടുള്ള ദ്വേഷങ്ങളെ നേരിടേണ്ടതാണ്. ദ്വേഷം എന്നത് ശരിയായ അവസരത്തിലും സന്ദർഭത്തിലും കണക്കനുസ്സരിച്ചുമാണെങ്കിൽ അനുവദനീയമാണ്. പക്ഷേ, അനുവദനീയമല്ലാത്ത കോപം, ചെറിയ ചെറിയ കാര്യങ്ങളിൽ അടിപിടി കൂടുക തുടങ്ങിയവയിൽനിന്ന് രക്ഷപ്പെടുക). പറഞ്ഞു: “വലിയ വലിയ ആരിഫുമാർക്കും സിദ്ദീഖുമാർക്കും അവസാനത്തെ കടമ്പ എന്നത് കോപത്തിൽ നിന്ന് രക്ഷപ്പെടുക എന്നതുതന്നെയാണ്.”(ഏറ്റവും വലിയ ബുദ്ധിമുട്ടുള്ള ജോലി ദ്വേഷത്തിൽനിന്ന് രക്ഷപ്പെടലാണ്. കോപത്തിൽനിന്ന് രക്ഷപ്പെടലാണ്. സ്വന്തം വികാരങ്ങളെ കൺട്രോളിൽ വെക്കുക എന്നതാണ്). പറഞ്ഞു:“അഹങ്കാരവും ഗർവും കോപത്തിൽ നിന്നാണുണ്ടാകുന്നത്.”(അതായത് അഹങ്കാരവും ഗർവും കോപത്തിൽനിന്നാണ് ഉണ്ടാകുന്നത്). “ഇപ്രകാരംതന്നെ ചിലപ്പോൾ കോപംതന്നെ അഹങ്കാരത്തിന്റേയും ഗർവിന്റേയും ഫലവുമായിരിക്കും.”(ദ്വേഷവും ഉണ്ടാകുന്നത് മനുഷ്യനിൽ അഹങ്കാരം ഉള്ളതുകൊണ്ടാണ്. ഗർവുള്ളതുകൊണ്ടാണ്. തന്നെ എന്തൊക്കെയോയായി മനസ്സിലാക്കുന്നു. വിനയമില്ല. ദരിദ്രഭാവമില്ല. ഇതുകൊണ്ടാണ് ദ്വേഷാവസ്ഥ ഉണ്ടാകുന്നത്. ഈ ദ്വേഷംതന്നെയാണ് ഇന്ന് ലോകത്ത് വീടുകൾതുടങ്ങി വലിയ തലംവരെ എല്ലായിടത്തും കലഹങ്ങളുണ്ടാക്കിയിട്ടുള്ളത്). പറഞ്ഞു:“കാരണം കോപം ഉണ്ടാകുന്നത് മനുഷ്യൻ തന്റെ ആത്മാവിന് മറ്റുള്ളവരുടെമേൽ മുൻഗണന നല്കുന്നതുകൊണ്ടാണ്.” പറഞ്ഞു:“എന്റെ ജമാഅത്തിൽപ്പെട്ടവർ പരസ്പരം ചെറിയവരും വലിയവരുമായി മനസ്സിലാക്കുന്നതോ പരസ്പരം പൊങ്ങച്ചം കാണിക്കുന്നതോ നിന്ദാദൃഷ്ടിയോടെ നോക്കുന്നതോ ഞാൻ ഇഷ്ടപ്പെടുന്നില്ല. വലിയവനാരെന്നും ചെറിയവനാരെന്നും അറിയുന്നവൻ അല്ലാഹുവാണ്. ഇത് ഒരു തരത്തിലുള്ള അപഹസിക്കലാണ്. ആരുടെ ഉള്ളിലാണോ അപഹാസമുള്ളത് അത് വിത്തുപോലെ വളരുമോ എന്നും അവന്റെ നാശത്തിന് കാരണമാകുമോ എന്നുമുള്ള ഭയമുണ്ട്.”(ആരെയെങ്കിലും നിന്ദ്യനും ചെറിയവനും തരതാണവനുമായി മനസ്സിലാക്കുന്നെങ്കിൽ, ഏതെങ്കിലും തരത്തിൽ പരിഹസിക്കുന്നെങ്കിൽ, തരംതാണ ദൃഷ്ടിയോടെ നോക്കുന്നെങ്കിൽ അത് നിന്ദ്യതയുടെ കൂട്ടത്തിൽപെടുന്നതാണ്. ഈ നിന്ദ്യതയുടെ ബീജം മനസ്സിൽ നിലകൊണ്ടാൽ അതു വളരുന്നു. പിന്നീട് എന്ത് ഫലമാണുണ്ടാകുന്നത്? അത് മനുഷ്യനെ നശിപ്പിച്ചു കളയുന്നു. പറഞ്ഞു, ഇതിൽനിന്ന് രക്ഷപ്പെടുക). പറഞ്ഞു: “ചില ആളുകളുണ്ട്, അവർ വലിയ ആളുകളുമായി കണ്ടുമുട്ടുമ്പോൾ വളരെ മാന്യതയോടെ പെരുമാറുന്നു. പക്ഷേ മിസ്കീന്റെ കാര്യം മിസ്ക്കീന്റെ ഭാവത്തോടെ കേൾക്കുന്നവനാണ് വലിയവൻ. അവനെ സന്തോഷിപ്പിക്കേണ്ടതാണ്, അവൻ പറയുന്ന കാര്യങ്ങൾ ആദരിക്കേണ്ടതാണ്. അവനു ദുഖമുണ്ടാകുന്ന വിധത്തിൽ ദ്വേഷമുണ്ടാകുന്ന ഒരു കാര്യവും നാവിൽ കൊണ്ടുവരരുത്. അല്ലാഹു പറയുന്നു:വലാ തനാബസൂ ബിൽഅൽഖാബി ബിഅ്സൽ ഇസ്മുൽഫുസൂഖു ബഅ്ദൽ ഈമാൻ വമൻല്ലം യതുബ് ഫഉലാഇക്ക ഹുമുള്ളാലിമൂൻ(49:12)നിങ്ങൾ പരസ്പരം ചീത്തപ്പേരു വിളിക്കയുമരുത്. ഇത് ദുഷ്കർമികളുടേയും കുറ്റവാളികളുടേയും പണിയാണ്.”(അതായത് ഈ ഇരട്ടപ്പേരു വിളിക്കുന്നത് ആരുടെ പണിയാണ്? ഏതാളുകളാണ് ഈ പണി ചെയ്യുന്നത്? അവർ ദീനിൽനിന്ന് അകന്നു കിടക്കുന്നവരാണ്. ശരിയായ മാർഗത്തിൽനിന്ന് വ്യതിചലിച്ചവരാണ്. ഫാജിർ ആരാണ്? ശരിയായ വഴിയിൽനിന്ന് മാറുന്നവൻ. കളവ് പറയുന്നവൻ, പാപി, ദുഃസ്വഭാവി, അനുസരണവൃത്തത്തിൽനിന്ന് പുറത്തു കടന്നവൻ. ഇത്തരക്കാരാണ് ഫാജിർ അഥവാ കുറ്റവാളികൾ എന്നു പറയപ്പെടുന്നത്). പറഞ്ഞു: “ഇത് ദുഷ്കർമികളുടേയും കുറ്റവാളികളുടേയും പണിയാണ്. ഏതൊരുവനാണോ ഒരുവനെ പ്രകോപിപ്പിക്കുന്നത് അവൻ സ്വയം അതുപോലെ അകപ്പെടാത്തിടത്തോളം മരിക്കുകയില്ല. നിങ്ങളുടെ സഹോദരങ്ങളെ നിന്ദ്യരായി മനസ്സിലാക്കരുത്.ഒരേയൊരു അരുവിയിൽനിന്നും എല്ലാവരും പാനം ചെയ്യുമ്പോൾ ആർക്കാണ് കൂടുതൽ കുടിക്കാൻ കഴിയുക എന്ന് ആരാണ് അറിയുക. ആദരണീയനും ബഹുമാന്യനും എന്തെങ്കിലും ഭൗതികതയുടെ അടിസ്ഥാനത്തിൽ ഉണ്ടാകുക സാധ്യമല്ല. അല്ലാഹുവിന്റെ പക്കൽ വലിയവൻ മുത്തഖിയാണ്. ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീ ര്”(49:14) (മൽഫൂദാത്ത് വാള്യം 1 പേജ് 36, 1985 ലണ്ടൻ പതിപ്പ്)

മുത്തഖിയാരാണ്? ഈ കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: “അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പറയപ്പെട്ടിട്ടുള്ള മുത്തഖി വിനയത്തോടും ദരിദ്രഭാവത്തോടും കൂടി നടക്കുന്നവനാ ണ്. അവൻ അഹങ്കാരത്തോടെ സംസാരിക്കുകയില്ല. ചെറിയ കുട്ടികൾ വലിയവരോടു സംസാരിക്കുന്നതുപോലെയായിരിക്കും അവന്റെ സംസാരം.”(മുത്തഖിയാരാണ്? ചെറിയ കുട്ടികൾ വലിയവരോടു സംസാരിക്കുന്നതുപോലെ അല്ലെങ്കിൽ ദരിദ്രൻ സമ്പന്നനോടു സംസാരിക്കു

**ഇൽഹാം ഹദ്റത്ത് മസീഹ് മൗഊദ്(അ):**

**അലയ്സല്ലാഹു ബി കാഫിൻ അബ്ദഃ**
“അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ?”

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ന്നതുപോലെ എല്ലാവരോടും സംസാരിക്കുന്നവനാണ് മുത്തഖി. സമ്പന്നനായിരുന്നിട്ടും വലിയവനായിരുന്നിട്ടും അവൻ വളരെ വിനയത്തോടെ സംസാരിക്കുന്നു). പറഞ്ഞു: "നമ്മൾ എല്ലാ അവസ്ഥയിലും നമുക്ക് വിജയമുണ്ടാകുന്ന കാര്യങ്ങളാണ് ചെയ്യേണ്ടത്. അല്ലാഹു ഏതെങ്കിലും രീതിയിലുള്ള പ്രതിഫലം പറ്റുന്നവനല്ല. അവൻ പ്രത്യേകമായ ദൈവഭക്തിയാണ് ആഗ്രഹിക്കുന്നത്. ആരാണോ ദൈവഭക്തി കൈക്കൊള്ളുന്നത് അവൻ ഉന്നത സ്ഥാനത്തെത്തുന്നതാണ്. നബി(സ)തിരുമേനിയോ ഹദ്റത്ത് ഇബ്റാഹീം(അ) മോ അനന്തരാവകാശത്തിൽനിന്ന് അന്തസ്സ് നേടിയിട്ടില്ല." അവിടന്ന് പറയുന്നു:"നബി(സ)തിരുമേനിയുടെ പിതാവ് മുശ്രിക്കായിരുന്നില്ല എന്നാണ് എന്റെ വിശ്വാസം. പക്ഷേ, അദ്ദേഹം പ്രവാചകത്വം നല്കിയില്ല. ഇത് അല്ലാഹുവിന്റെ കൃപാകടാക്ഷമായിരുന്നു. അദ്ദേഹത്തിന്റെ പ്രകൃതിയിൽ അടങ്ങിയിരുന്ന സത്യസന്ധതകൾ കാരണത്താലായിരുന്നു. ഇതു തന്നെയായിരുന്നു അല്ലാഹുവിന്റെ കൃപാകടാക്ഷത്തെ ചലനാത്മകമാക്കിയത്. പ്രവാചകന്മാരുടെ പിതാവായിരുന്ന ഹദ്റത്ത് ഇബ്റാഹീം(അ)തന്റെ സത്യസന്ധതയും ദൈവഭക്തിയുംകൊണ്ടുതന്നെയാണ് തന്റെ മകനെ ബലികൊടുക്കാൻ മടിക്കാതിരുന്നത്. അദ്ദേഹംതന്നെയും തീയിൽ ഇടപ്പെട്ടു. നമ്മുടെ സയ്യിദും മൗലായുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാ(സ)യുടെ സത്യസന്ധതയും കൂറും നോക്കുക! അവിടന്ന് എല്ലാ തരത്തിലുള്ള ദുഷ്പദ്ധതികളേയും നേരിട്ടു. പലരീതിയിലുള്ള വിപത്തുകളും ബുദ്ധിമുട്ടുകളും വഹിച്ചു. പക്ഷേ, അതൊന്നും ഗൗനിച്ചില്ല. ഈ സത്യസന്ധതയും കൂറും കാരണത്താലായിരുന്നു അല്ലാഹു കൃപാകടാക്ഷം ചൊരിഞ്ഞത്."(മൽഫൂദാത്ത് വാല്യം 1 പേജ് 37 1985 ലണ്ടൻ പതിപ്പ്) ഇതുതന്നെയാണ് ഉത്തമ മാതൃക. ഇത് നമുക്കുവേണ്ടിയുമാണ്.

പിന്നീട്, എങ്ങനെയാണ് സത്യമായ സൂക്ഷ്മബുദ്ധിയും സത്യമായ അറിവും കരസ്ഥമാക്കാൻ കഴിയുന്നതെന്ന് അവിടന്ന് പറയുന്നു: "സത്യമായ സൂക്ഷ്മബുദ്ധിയും സത്യമായ ബുദ്ധിസാമർഥ്യവും അല്ലെങ്കിൽ അറിവ് അല്ലാഹുവിലേക്ക് മടങ്ങാതെ ഒരിക്കലും ലഭി ക്കുകയില്ല. അതുകൊണ്ടാണ് സത്യവിശ്വാസിയുടെ സൂക്ഷ്മബുദ്ധിയെതൊട്ട് ഭയപ്പെടുകയെന്ന് പറയപ്പെട്ടിരിക്കുന്നത്. കാരണം അവൻ ദൈവികമായ പ്രകാശംകൊണ്ടാണ് കാണുന്നത്. ദൈവഭക്തി ലഭിക്കാത്തിടത്തോളം ശരിയായ സൂക്ഷ്മബുദ്ധിയും യഥാർഥമായ അറിവും ഒരിക്കലും ലഭിക്കുകയില്ല." പറഞ്ഞു: "നിങ്ങൾ വിജയിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ബുദ്ധിപൂർവം പ്രവർത്തിക്കുക. ചിന്തിക്കുക. ആലോചിക്കുക. ചിന്തിക്കാനും ആലോചിക്കാനും വിശുദ്ധ ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് താക്കീതുകളുണ്ട്."(ഇനി ഒരു ഭാഗത്ത് ഒരു വ്യക്തി തന്റെ അറിവിനേയും ബുദ്ധിയേയും തെറ്റായ രീതിയിൽ ഉപയോഗിക്കുന്നെങ്കിൽ അത് അവന്റെ നാശത്തിന് കാരണമായിത്തീരുന്നു. ബുദ്ധികൊണ്ടും അറിവുകൊണ്ടും പ്രവർത്തിക്കുക എന്ന് മറുഭാഗത്ത് അല്ലാഹു പറയുന്നു. ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യുക. ഇതിനെ കുറിച്ച് അവിടന്ന് താക്കീതു ചെയ്തു പറയുന്നു. വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ച് താക്കീതുചെയ്തു. അത് അതിലുണ്ട്.) പറഞ്ഞു: "കിതാബെ മക്നൂനിലും വിശുദ്ധ ഖുർആനിലും ചിന്തിക്കുക." (വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. അതിലെ മറഞ്ഞ കാര്യങ്ങൾ അറിയാൻ ശ്രമിക്കുക. തർജമ വായിക്കുക. റമളാനിലെ ദർസുമുണ്ട്. അതിലേക്കും ശ്രദ്ധിക്കുക.) പറയുന്നു:"പരിശുദ്ധ പ്രകൃതക്കാരായിത്തീരുക. നിങ്ങളുടെ മനസ്സ് പരിശുദ്ധമായിത്തീരുകയും അവിടെ ശുദ്ധമായ ബുദ്ധികൊണ്ട് പ്രവർത്തിക്കുയും തഖ്വയുടെ വഴിയിൽ ചുവടു വെക്കുകയും ചെയ്യുമ്പോൾ അവ രണ്ടിന്റെയുംകെട്ടുകൊണ്ട് റബ്ബനാ മാ ഖലഖ്ത്ത ഹാദാ ബാത്വിലാ സുബ്ഹാനക്ക ഫഖിനാ അദാബന്നാർ എന്ന പറയുന്ന അവസ്ഥ ഉണ്ടായിത്തീരുന്നതാണ്."(3:192) പറഞ്ഞു: "ഇതു നിങ്ങളുടെ മനസ്സിൽനിന്ന് പുറപ്പെടുന്നതാണ്. അപ്പോൾ മനസ്സിലാകും ഈ സൃഷ്ടികൾ വ്യർഥമല്ലെന്ന്. എന്നല്ല, യഥാർഥ നിർമാതാവിന്റെ സത്യത്തേയും സാമർഥ്യത്തേയും സംബന്ധിച്ച് അറിവ് നല്കുന്നു; ദീനിനു സഹായം നല്കുന്ന പല രീതിയിലുള്ള അറിവുകളും വിദ്യകളും വെളിപ്പെടുന്നതിനുവേണ്ടി." (മൽഫൂദാത്ത് വാല്യം 1 പേജ് 66 1985 ലണ്ടൻ പതിപ്പ്)

ഒരുഭാഗത്ത് അറിവും ബുദ്ധിയും ആധുനിക മനുഷ്യരെ അല്ലാഹുവിൽനിന്നകറ്റിക്കൊണ്ടുപോകുന്നു. മറുഭാഗത്ത് ഈ ബുദ്ധികൊണ്ടും അറിവുകൊണ്ടും പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അസ്തിത്വത്തെകുറിച്ച് അറിയാൻ കഴിയുമെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ നിർമാണത്തെ കുറിച്ച് അറിയാൻ കഴിയും. ദൈവമില്ലെന്ന് ഇക്കാലത്തെ ജനങ്ങൾ പറയുന്നു. അവരുടെ മതപരമായ കണ്ണ് അന്ധയായതുകൊണ്ടാണ് ദൈവത്തെ കാണാൻ കഴിയാത്തത്. തങ്ങളുടെ ബുദ്ധിയേയും അറിവിനേയും വെറും ഭൗതികമായ നിലവാരത്തിൽ ഉരച്ചുനോക്കുന്നു. ഭൗതികതയിലേക്കു മാത്രമാണ് ശ്രദ്ധ. അവരുടെ മതം ജീർണിച്ചതും പഴകിയതുമായി കഴിഞ്ഞതുകൊണ്ടാണ് മതത്തിൽനിന്ന് അവർ അകന്നു പോയത്. അല്ലാഹുവിന്റെ മാർഗദർശനം അവർക്കില്ല. അതുകൊണ്ട് ഇതിനെസംബന്ധിച്ച് ചിന്തിക്കാനും കഴിയില്ല. ബുദ്ധി ഉപയോഗിക്കാനും സാധിക്കുകയില്ല. നമ്മുടെ മതത്തിൽ നമുക്ക് വിശുദ്ധ ഖുർആൻതന്നെയാണ് ഗ്രന്ഥം. അത് എന്നെന്നേക്കുമുള്ള അറിവും ജ്ഞാനവുംകൊണ്ട് നിറഞ്ഞ ഗ്രന്ഥമാണ്. വിശുദ്ധ ഖുർആനിൽ ആലോചിക്കുന്നതും ചിന്തിക്കുന്നതും പിന്നീട് തഖ്വയിൽ വർധന ഉണ്ടാക്കുന്നു. അല്ലാഹുവിന്റെ നിർമാണത്വത്തിലേക്ക് ശ്രദ്ധ കൊണ്ടുപോകുന്നു. തഖ്വയിൽ മനുഷ്യൻ വളരുമ്പോൾ അവൻ അല്ലാഹുവിനെ കാണുന്നു. അതായത് തഖ്വാ അല്ലാഹുവിനെ കാണിക്കുന്നു. ചിന്തിക്കുന്നവർക്ക്, തഖ്വയിൽ അഭിവൃദ്ധിപ്പെടുന്നവർക്ക് പർവത ശിഖരങ്ങളിലും അല്ലാഹുവിന്റെ അസ്തിത്വം കാണാൻ കഴിയുന്നു. ആഴത്തിലുള്ള മലയിടുക്കുകളിലും കാണാൻ കഴിയുന്നു. നദികളിലും അല്ലാഹുവിന്റെ അസ്തിത്വം കാണാൻ കഴിയുന്നു. സമുദ്രങ്ങളിലും കാണാൻ കഴിയുന്നു. ചന്ദ്രനിലും നക്ഷത്രങ്ങളിലും കാണാൻ കഴിയുന്നു. പ്രപഞ്ചത്തിലെ സൂര്യനെ ചുറ്റുന്ന നക്ഷത്രങ്ങളിലും കാണാൻ കഴിയുന്നു. ഒരു യഥാർഥ മുഅ്മിൻ വെറും വരണ്ട ബുദ്ധിയിലും തർക്കശാസ്ത്രത്തിലും നടക്കുകയില്ല. അല്ലാഹുവുമായി ബന്ധം സ്ഥാപിച്ച് അല്ലാഹുവിൽനിന്ന് പ്രകാശം കരസ്ഥമാക്കുന്നു. നോമ്പുകളിൽ ഈ പ്രകാശവും നമ്മൾ അന്വേഷിക്കേണ്ടതാണ്. റമളാന്റെ ഉദ്ദേശ്യം ഭൗതിക വസ്തുക്കളിൽ കറവുവരുത്തി, ബാഹ്യമായ ഭക്ഷണം കുറച്ച് ആത്മീയ വസ്തുക്കളുടെ അന്വേഷണമാണ്. അതിലും വളരാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, എല്ലാ മനുഷ്യരും ആത്മാവിന്റെ ശുദ്ധീകരണത്തിന് പരിശ്രമിക്കുക. സ്വന്തം ആത്മാവിനെ പരിശുദ്ധമാക്കാൻ ശ്രമിക്കുക. സ്വന്തം കഴിവുകളേയും ശക്തികളേയും പരിശുദ്ധമാക്കാൻ ശ്രമിക്കുക. സ്വന്തം കഴിവുകളേയും ശക്തികളേയും ശരിയായ നിലയിൽ ഉപയോഗിക്കണമെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, 'അവയെ ശുചിയാക്കുക. അവയെ പരിശുദ്ധവും വെടിപ്പുള്ളതുമാക്കുക. ഈ തഖ്വയാണ് അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്നത്.

നിങ്ങൾ ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ, ഇസ്ലാമിന് സേവനം ചെയ്യണമെങ്കിൽ ആദ്യം സ്വയം തഖ്വയും പരിശുദ്ധിയും കൈവരിക്കുക. ഇസ്ലാമികസേവനം കേവലം സംസാരം കൊണ്ട് നടക്കുകയില്ല. മറിച്ച് നമുക്ക് ദൈവഭക്തിയും പരിശുദ്ധിയും കൈക്കൊള്ളേണ്ടതായിവരും. വിവരിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "ഇപ്പോൾ ഞാൻ എന്റെ ആദ്യത്തെ ഉദ്ദേശ്യത്തിലേക്ക് മടങ്ങിക്കൊണ്ട് അതായത്, സ്വാബിറു വ റാബിത്തൂ(3:201) എപ്രകാരം ശത്രു അതിർത്തിയിൽ നിന്ന് ഇങ്ങോട്ട് കടക്കാതിരിക്കാൻ അവനെതിരിൽ അതിർത്തിയിൽ കുതിര ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണോ, അപ്രകാരം നിങ്ങളും തയ്യാറായിരിക്കുക."(സ്വാബിറു വ റാബിത്തൂ) എന്നതിനെ വിശദീകരിച്ചുകൊണ്ടു പറയുന്നു: "രാജ്യാതിർത്തികളിൽ ശത്രുവിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി കുതിരകളെ നിറുത്തുന്നു. ശത്രു നമ്മുടെ അതിരുകളിൽ കടക്കാതിരിക്കാൻ സൈന്യത്തെ നിറുത്തുന്നു." പറഞ്ഞു: "ഇപ്രകാരം ശത്രു അതിർത്തികൾ കടന്ന് ഇസ്ലാമിന് കഷ്ടതകൾ വരുത്താതിരിക്കാൻ നിങ്ങളും സൈന്യത്തെപോലെ തയാറായിരിക്കുക." പറഞ്ഞു: "ഞാനാദ്യവും വിശദീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. നിങ്ങൾ ഇസ്ലാമിനെ സഹായിക്കാനും സേവനം ചെയ്യാനും ആഗ്രഹിക്കുന്നെങ്കിൽ ആദ്യം സ്വയം ദൈവഭക്തിയും പരിശുദ്ധിയും കൈക്കൊള്ളുക. ഇതുമുഖേന നിങ്ങൾ സ്വയം അല്ലാഹുവിന്റെ ശക്തമായ കോട്ടക്കുള്ളിൽ വന്നെത്തുന്നതാണ്." (അല്ലാഹുവിന്റെ അഭയത്തിന്റെ കോട്ടയ്ക്കുള്ളിൽ കടക്കുന്നതാണ്.) "പിന്നീട് ആ സേവനം ചെയ്യാനുള്ള ഭാഗ്യവും അർഹതയും നിങ്ങൾ കരസ്ഥമാക്കുന്നതായിരിക്കും."(അല്ലാഹുവിന്റെ അഭയത്തിൽ വരുമ്പോൾ ഇസ്ലാമിക സംരക്ഷണത്തിന് സേവനത്തിനുള്ള അവസരവും കിട്ടുന്നതാണ്. നിങ്ങളുടെ അവകാശവും സ്ഥാപിതമാകും. കാരണം നിങ്ങൾ നിങ്ങളെ പരിഷ്കരിച്ചെടുത്തു. തഖ്വയിൽ നിലനിന്നു). പറഞ്ഞു: "മുസ്ലീംകളുടെ ബാഹ്യമായ ശക്തികൾ എത്രമാത്രം ബലഹീനമായിരിക്കുന്നുവെന്ന് നിങ്ങൾ കാണുന്നു. ജനതകൾ അവരെ വെറുപ്പോടും നിന്ദാദൃഷ്ടിയോടും കൂടി നോക്കുന്നു. നിങ്ങളുടെ ആഭ്യന്തരവും മാനസികവുമായ ശക്തിയും ദുർബലവും ക്ഷയിച്ചതും ആയിട്ടുണ്ടെങ്കിൽ അപ്പോൾപ്പിന്നെ അന്ത്യമായിരിക്കുന്നുവെന്ന് മനസ്സിലാക്കുക. പരിശുദ്ധ ശക്തി പ്രവഹിക്കുംവിധംനിങ്ങൾ നിങ്ങളുടെ മനസ്സുകളെ പരിശുദ്ധമാക്കുക. അതിർത്തിയിലെ കുതിരകളെപ്പോലെ ശക്തരും കാത്തുസംരക്ഷിക്കുന്നവരുമാകുക. അല്ലാഹുവിന്റെ കൃപാകടാക്ഷം എപ്പോഴും ഭക്തരുടേയും നേർമാർഗികളുടേയും കൂടെയായിരിക്കും ഉണ്ടാകുക. നിങ്ങളുടെ സ്വഭാവങ്ങളും നടപടിക്രമങ്ങളും ഇസ്ലാമിന് കളങ്കം ചാർത്തുന്ന വിധത്തിൽ ആക്കാതിരിക്കുക. ദുഷ്ടന്മാരും ഇസ്ലാമികാധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാത്തവരുമായ മുസ്ലിംകളിൽ നിന്ന് ഇസ്ലാമിന് കളങ്കമുണ്ടാകുന്നു. ചില മുസ്ലിംകൾ മദ്യപിക്കുന്നു, ചിലർ ഛർദിച്ചു നടക്കുന്നു, കഴുത്തിൽ തലേക്കെട്ടുണ്ടാകും, ഇടവഴികളിലും അഴുക്കുചാലുകളിലും വീണു കിടക്കുന്നു, പോലീസുകാരുടെ ഷൂ ഇട്ടുള്ള ചവിട്ട് കിട്ടുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും അതുകണ്ട് ചിരിക്കുന്നു. അവന്റെ ശരീഅത്ത് വിരുദ്ധമായ പ്രവൃത്തി അവനെ മാത്രമല്ല പരിഹാസത്തിന് കാരണമാക്കുന്നത്. മറിച്ച് അതിന്റെ പിന്നിൽ അതിന്റെ സ്വാധീനം ഇസ്ലാമിന്റെ ആത്മാവിനാണേല്ക്കുന്നത്." ഇസ്ലാമിന് ചീത്തപ്പേരുണ്ടായിക്കൊണ്ടിരിക്കുന്നു.

(ഇക്കാലത്ത് പരിമിതമായ ഒരു സംഘം മാത്രമാണ് ചില ഭീകരവാദികളും തെറ്റായ പ്രവൃത്തി ചെയ്യുന്നവരുമായിട്ടുള്ളത്. ഇസ്ലാമിന് ചീത്തപ്പേരുണ്ടാക്കുന്ന കുറച്ചാളുകളെ ഉള്ളൂവെന്നും കുറച്ചു സംഘങ്ങളെ ഉള്ളൂവെന്നും ആരും പറയുകയില്ല. ഇസ്ലാമിന്റെ അധ്യാപനം അതാണെന്ന് പറഞ്ഞ് അതിനെ അടച്ചാക്ഷേപിക്കുന്നു. ഇസ്ലാമിനെ കുറിമാനമാക്കുന്ന പ്രവർത്തി ആരുടേതാണെങ്കിലും എതിരാളികൾക്ക്, ശത്രുക്കൾക്ക് ഇസ്ലാമിനുമേൽ വിരൽ ചൂണ്ടാൻ അവസരം നല്കുന്നതായിരിക്കും.)പറഞ്ഞു:"അത്തരം വാർത്തകളും ജയിലുകളിലെ റിപ്പോർട്ടും വായിച്ച് എനിക്ക് കഠിനമായ വേദനയുണ്ടാകുന്നു. സ്വിറാത്തെ മുസ്തഖീം വെച്ചുകൊണ്ടിരിക്കുന്ന ഇത്രമാത്രം മുസ്ലീംകൾ ദുഷ്കർമങ്ങൾ കാരണത്താൽ കോപത്തിന് പാത്രമായത് കാണുമ്പോൾ മനസ്സ് അസ്വസ്ഥമായിപ്പോകുന്നു. അവരുടെ ദുഷ്കർമങ്ങൾകൊണ്ട് അവർ തങ്ങൾക്കുമാത്രമല്ല നഷ്ടം ഉണ്ടാക്കുന്നത് മറിച്ച് ഇസ്ലാമിനെ പരിഹസിപ്പിക്കുകയും ചെയ്യുന്നു." പറഞ്ഞു:"ഇതു ഞാൻ പറയുന്നതിന്റെ ഉദ്ദേശ്യം മുസ്ലീംകൾ മുസ്ലിം എന്നു പറയിപ്പിച്ചുകൊണ്ട് ഈ വിരോധിക്കപ്പെട്ടതിലും നിഷിദ്ധമായതിലും അകപ്പെട്ടുകൊണ്ട് അവരെ മാത്രമല്ല ഇസ്ലാമിനേയും സംശയിക്കപ്പെട്ടതാക്കുന്നു." പറഞ്ഞു: "അതുകൊണ്ട് നിങ്ങളുടെ നടപ്പും നടപടിക്രമങ്ങളും അവിശ്വാസികൾക്ക് നിങ്ങളുടെമേൽ(അത് യഥാർത്ഥത്തിൽ ഇസ്ലാമിന്റെ മേലാണ്)വിമർശിക്കുന്നതിനുള്ള അവസരം നല്കാതിരിക്കേണ്ടതാണ്."(മൽഫൂദാത്ത് വാല്യം 1 പേജ് 77-78 1985 ലണ്ടൻ പതിപ്പ്)

## കലാമുൽഇമാം:

"മുസ്ലീംകൾ വിശുദ്ധ ഖുർആനെ പൂർണമായും പിൻപറ്റിയും കീഴ്പ്പെട്ടും ജീവിക്കാത്തിടത്തോളം അവർക്ക് ഒരു തരത്തിലുള്ള പുരോഗതിയും കൈവരിക്കാൻ സാധിക്കുകയില്ല."

(മൽഫൂദാത്ത് വാല്യം 4 പേജ് 379)

**ത്വാലിബെ ദുആ:**

**എം.എ.മുഹമ്മദ് കോഴിക്കോട്**

## കലാമുൽഇമാം:

"ഇസ്ലാം യഥാർഥമായ ദൈവജ്ഞാനം പ്രദാനം ചെയ്യുന്നു. ഇതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം ഉണ്ടാകുന്നു"

(മൽഫൂദാത്ത് വാല്യം 4 പേജ് 344)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## കലാമുൽഇമാം:

"അല്ലാഹുവിലേക്കുള്ള ശ്രദ്ധ നിലനില്ക്കുവോളം എല്ലാ ഓരോ സമുദായവും നിലനില്ക്കുന്നതാണ്."

(മൽഫൂദാത്ത് വാല്യം 4 പേജ് 292)

**ത്വാലിബെ ദുആ:**

**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

തഖ്‌വയുടെ ഭാഗങ്ങളെ സംബന്ധിച്ച് കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:"തഖ്‌വായ്ക്ക് ധാരാളം ഭാഗങ്ങളുണ്ട്."(ഉജുബ് അതായത് അഹംഭാവം അഹങ്കാരം തുടങ്ങിയവ. സ്വാർഥതയുണ്ട്. ആത്മപ്രശംസയുണ്ട്. തന്നെ പ്രദർശിപ്പിക്കലുണ്ട്. നിഷിദ്ധമായ ധനമുണ്ട്.)പറഞ്ഞു:"അഹങ്കാരം, സ്വാർഥത, നിഷിദ്ധമായധനം, ദുസ്വഭാവങ്ങളിൽനിന്ന് രക്ഷപ്പെടലും തഖ്‌വയാണ്."(അഹങ്കാരം, അഹംഭാവം, സ്വാർഥത, നിഷിദ്ധമുതൽ തിന്നൽ, ദുസ്വഭാവം ഇവയിൽനിന്നെല്ലാം രക്ഷപ്പെടുക എന്നത് തഖ്‌വയാണ്.)ആരാണോ സൽസ്വഭാവം പ്രകടിപ്പിക്കുന്നത് അവന്റെ ശത്രുവും മിത്രമായിത്തീരുന്നതാണ്. അല്ലാഹു പറയുന്നു: ഇദ്ഫഅ് ബില്ലത്തീ ഹിയ അഹ്സൻ (23:97) ഈ നേർവഴി എന്ത് അധ്യാപനമാണ് നല്കുന്നത്? എന്ന് ചിന്തിച്ചു നോക്കുക. ഈ സന്മാർഗത്തിൽ അല്ലാഹുവിന്റെ ഉദ്ദേശ്യം എതിരാളി ചീത്ത വിളിച്ചാൽത്തന്നെ അവനെ തിരിച്ചു ചീത്ത വിളിച്ച് മറുപടി കൊടുക്കരുതെന്നാണ്. പ്രത്യുത ക്ഷമ കൈക്കൊള്ളുക. ഇതിന്റെ ഫലമായി എതിരാളി നിങ്ങളുടെ ശ്രേഷ്ഠത അംഗീകരിച്ച് സ്വയം ലജ്ജിതനും വിഷണ്ണനുമാകും. ഈ ശിക്ഷ പ്രതികാരപരമായി നിനക്കു നല്കാവുന്ന ശിക്ഷയെക്കാൾ ശക്തമായിരിക്കും." പറഞ്ഞു: "ഇങ്ങനെ ഒരു നിസാരമനുഷ്യൻപോലും കൊലനടത്താവുന്ന ഘട്ടംവരെ എത്താവുന്നതാണ്. പക്ഷേ, മനുഷ്യത്വത്തിന്റെ തേട്ടവും തഖ്‌വയുടെ ഉദ്ദേശ്യവും ഇതല്ല. സൽസ്വഭാവം എങ്ങനെയുള്ള മുത്താണെന്നു വച്ചാൽ ദുഷ്ടനായമനുഷ്യന്റെമേലും അതിന്റെ സ്വാധീനമുണ്ടാകുന്നു. ആരോ പറഞ്ഞത് എത്ര നല്ലതാണ്

ലുത്ഫ് കുൻ ലുത്ഫ് കെഃ ബേഗാനയെ ശവദ് ഹൽഖയെ ബഗോശ്." (മൽഫൂദാത്ത് വാല്യം 1 പേജ് 81 2985 ലണ്ടൻ പതിപ്പ്)

അതായത് ദയയോടെ പെരുമാറുക. എന്നാൽ, അപരിചതനും അതുമുഖേന നിങ്ങളുടെ സംഘത്തിൽ വന്നുചേരുന്നതാണ്.

മനുഷ്യൻ സൽകർമങ്ങളിലേക്കും തഖ്‌വയിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "ചിന്താർഹമായ യഥാർഥ കാര്യമെന്നു പറയുന്നത് മനുഷ്യൻ സൽകർമങ്ങളിലേക്കും തഖ്‌വയിലേക്കും ശ്രദ്ധിക്കേണ്ടതാണ്. സൗഭാഗ്യത്തിന്റെ വഴികൾ സ്വീകരിക്കേണ്ടതാണ്. അപ്പോഴെ എന്തെങ്കിലും ആകാൻ കഴിയൂ. ഇന്നല്ലാഹ ലാ യുഗയ്യിറു മാബിഖൗമിൻ ഹത്താ യുഗയ്യിറൂ മാ ബി അൻഫുസിഹിം സ്വയം തങ്ങളുടെ അവസ്ഥ മാറ്റാത്തിടത്തോളം അല്ലാഹു ഒരു ജനതയുടേയും അവസ്ഥ മാറ്റുകയില്ല. അനാവശ്യമായി തെറ്റുധരിക്കുകയും പ്രശ്നത്തെ അങ്ങേയറ്റംവരെ എത്തിക്കുകയും ചെയ്യുന്നത് തികച്ചും വ്യർഥമായ കാര്യമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ജനങ്ങൾ അല്ലാഹുവിലേക്ക് മടങ്ങുക എന്നതാണ്. നമസ്കരിക്കുക, സക്കാത്ത് കൊടുക്കുക, അവകാശങ്ങൾ ധ്വംസിക്കുന്നതിൽനിന്നും ദുർവൃത്തികളിൽനിന്നും പിൻവാങ്ങുക." പറഞ്ഞു:"ചിലപ്പോൾ ഒരാളുടെ തിന്മ കുടുംബത്തിന്റെ മുഴുവനും എന്നല്ല നഗരത്തിന്റെ മുഴുവനും നാശത്തിനു കാരണമാകുമെന്നുള്ളത് തെളിഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് തിന്മകൾ ഉപേക്ഷിക്കുക; അത് നാശത്തിന് കാരണമാണ്........... നിങ്ങളുടെ അയൽവാസികൾ തെറ്റുധരിക്കുന്നുവെങ്കിൽ അവരുടെ തെറ്റായധാരണ അകറ്റാൻ ശ്രമിക്കുക. അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. മനുഷ്യൻ എവിടംവരെ അശ്രദ്ധനായിപ്പോകാനാണ്." പറഞ്ഞു:'ഹദീഥ് ശരീഫിൽ വന്നിരിക്കുന്നു: "നാശങ്ങൾ ഇറങ്ങുന്നതിനുമുമ്പേ ചെയ്യുന്ന ദുആ സ്വീകരിക്കപ്പെടുന്നു. കാരണം ഭയത്തിലും അപകടത്തിലും അകപ്പെടുമ്പോൾ എല്ലാവർക്കും ദുആചെയ്യാനും അല്ലാഹുവിലേക്ക് മടങ്ങാനും സാധിക്കുന്നതാണ്." പറഞ്ഞു:"സമാധാനസമയത്ത് ദുആ ചെയ്യുന്നതിലാണ് സൗഭാഗ്യത."(മൽഫൂദാത്ത് വാല്യം 1 പേജ് 262-263 1985 ലണ്ടൻ പതിപ്പ്) ഈ ഭാഗത്തേക്ക് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

വീണ്ടും അവിടന്ന് പറയുന്നു:"തഖ്‌വയുടെ ആദരയുക്തമായഭയം മറ്റുള്ളവരിലും പതിക്കുന്നു. അല്ലാഹു മുത്തഖികളെ നഷ്ടപ്പെടുത്തി കളയുകയില്ല." പറഞ്ഞു: "ഞാൻ ഒരു ഗ്രന്ഥത്തിൽ വായിച്ചിട്ടുണ്ട്. ഹദ്റത്ത് അബ്ദുൽഖാദിർ സാഹിബ് ജീലാനീ(റഹ്)വലിയ മഹാത്മാക്കളിൽപ്പെട്ടയാളാണ്. അദ്ദേഹത്തിന്റെ ആത്മാവ് പരിപവിത്രമായിരുന്നു. ഒരിക്കൽ അദ്ദേഹം തന്റെ മാതാവിനോടു പറഞ്ഞു, 'എന്റെ മനസ്സ് ദുൻയാവിൽനിന്ന് വിട്ടിരിക്കുന്നു. എനിക്ക് സമാധാനത്തിന്റേയും ശാന്തിയുടേയും വഴികൾ കാണിച്ചുതരുന്നതിന് ഏതെങ്കിലും ഇമാമിനെ അന്വേഷിച്ച് കണ്ടെത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.' ഇവനിപ്പോൾ തങ്ങൾക്ക് പ്രയോജനപ്പെടുകയില്ല എന്ന് മാതാവ് കണ്ടപ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ സമ്മതിച്ചു. ഞാൻ നിന്നെ യാത്ര അയക്കുന്നുവെന്ന് പറഞ്ഞു. ഇത് പറഞ്ഞുകൊണ്ട് ഉള്ളിൽപോയി. അവർ ശേഖരിച്ചു വച്ചിരുന്ന 80 സ്വർണനാണയങ്ങൾ എടുത്തുകൊണ്ടുവന്നു. എന്നിട്ട് പറഞ്ഞു, ഈ സ്വർണനാണയങ്ങളിൽ മതനിയമമനുസരിച്ച് 40 സ്വർണനാണയം നിനക്കവകാശപ്പെട്ടതാണ്. 40 നിന്റെ മൂത്ത സഹോദരന്റേതുമാണ്. അതുകൊണ്ട് നിന്റെ ഭാഗമായ 40 സ്വർണനാണയങ്ങൾ നിനക്കു തരികയാണ്. ഇതു പറഞ്ഞ് 40 സ്വർണനാണയങ്ങൾ അദ്ദേഹത്തിന്റെ കക്ഷത്തിനുകീഴെ അടിവസ്ത്രത്തിൽ തുന്നിപിടിപ്പിച്ചു." കുപ്പായത്തിനു താഴെ ധരിക്കുന്ന ബനിയിൻപോലുള്ള വസ്ത്രത്തിൽ തുന്നി പിടിപ്പിച്ചുവെച്ചു). എന്നിട്ടു പറഞ്ഞു: ഇത് സുരക്ഷിത സ്ഥലത്തെത്തിയാൽ എടുക്കുകയും ആവശ്യമുള്ളപ്പോൾ ചെലവഴിക്കുകയും ചെയ്യുക. അബ്ദുൽ ഖാദിർ സാഹിബ് തന്റെ മാതാവിനോടു തനിക്കെന്തെങ്കിലും ഉപദേശം നല്കാൻ പറഞ്ഞു." (യാത്രപോകുകയാണ്. എന്തെങ്കിലും ഉപദേശം തരിക)അവർ പറഞ്ഞു:"മോനെ, കളവു ഒരിക്കലും പറയരുത്."(ഇതാണ് ഉപദേശം. ഇതെപ്പോഴും ഓർമവെക്കണം). "ഇതിൽ ഒരുപാട് അനുഗ്രഹമുണ്ടാകും." ഇത്രയുംകേട്ട് അവിടന്ന് യാത്രയായി. യാദൃച്ഛികമായി, ഏതു കാട്ടിലൂടെയാണോ അദ്ദേഹത്തിന് പോകേണ്ടിയിരുന്നത് അവിടെ ചില കൊള്ളക്കാർ വസിച്ചിരുന്നു. അവർ യാത്രക്കാരെ കൊള്ളയടിച്ചിരുന്നു. അകലെനിന്ന് സയ്യിദ് അബ്ദുൽ ഖാദിർ സാഹിബിനുമേലും അവരുടെ ദൃഷ്ടി പതിഞ്ഞു. അടുത്തുവന്നപ്പോൾ അവർ അദ്ദേഹത്തെ ഒരു കമ്പിൾപുതച്ച ഫഖീറിനെപോലെ കണ്ടു. ഒരാൾ പരിഹാസത്തോടെ ചോദിച്ചു:"നിന്റെ കൈയിലെന്തെങ്കിലുമുണ്ടോ?" അവിടന്ന് ചുടോടെ തന്റെ മാതാവിന്റെ 'കളവുപറയരുത്' എന്ന ഉപദേശം കേട്ട് ഇപ്പോൾ വന്നതേയുള്ളൂ. ഉടനെ മറുപടി നല്കി:"40 സ്വർണനാണയം എന്റെ കക്ഷത്തിനു താഴെ കീസപോലെ എന്റെ മാതാവ് തുന്നി പിടിപ്പിച്ചിട്ടുണ്ട്."(പോക്കറ്റുപോലെ ഉള്ളിൽ തുന്നി പിടിപ്പിച്ചിട്ടുണ്ട്). ആ കൊള്ളക്കാരൻ മനസ്സിലാക്കിയത് ഇവൻ തന്നെ പരിഹസിക്കുകയാണെന്നാണ്. രണ്ടാമത്തെ കൊള്ളക്കാരൻ ചോദിച്ചപ്പോഴും അയാൾക്കും ഇതേ മറുപടിതന്നെ നല്കി. ചുരുക്കത്തിൽ എല്ലാ കൊള്ളക്കാർക്കും ഇതേ മറുപടിതന്നെ നല്കി. അവർ അദ്ദേഹത്തെ തങ്ങളുടെ അമീറായ കൊള്ളക്കാരന്റെ അടുക്കൽ കൊണ്ടുപോയി. ഇവൻ ആവർത്തിച്ചാവർത്തിച്ച് ഇതേ മറുപടിയാണ് പറയുന്നതെന്ന് അറിയിച്ചു.(തന്റെ കൈയിൽ ഇത്ര സ്വർണനാണയങ്ങൾ ഉണ്ടെന്ന്). "അമീർ പറഞ്ഞു, ശരി അവന്റെ വസ്ത്രം നോക്കുക." അങ്ങനെ പരിശോധിച്ചപ്പോൾ 40 സ്വർണനാണയം കിട്ടി. ഇത് ഒരു വല്ലാത്ത മനുഷ്യനാണെന്നു പറഞ്ഞ് അവർ അത്ഭുതപ്പെട്ടു. തങ്ങൾ ഇത്തരം മനുഷ്യനെ ഒരിക്കലും കണ്ടിട്ടില്ല. അമീർ അദ്ദേഹത്തോടു ചോദിച്ചു: "നീ ഈ രീതിയിൽ നിന്റെ ധനത്തെ കുറിച്ച് അറിയിക്കാൻ കാരണമെന്താണ്?" അദ്ദേഹം പറഞ്ഞു: "ഞാൻ അല്ലാഹുവിന്റെ ദീൻ അന്വേഷിച്ചു പോകുകയാണ്. യാത്ര പുറപ്പെടുമ്പോൾ ഒരിക്കലും കളവു പറയരുതെന്ന് ഉമ്മ ഉപദേശിച്ചിരുന്നു. ഇത് ആദ്യ പരീക്ഷണമായിരുന്നു. അപ്പോൾ ഞാനെന്തിന് കളവു പറയണം?" ഇതുകേട്ട് നേതാവായ കൊള്ളക്കാരൻ കരയാൻ തുടങ്ങി. പറഞ്ഞു, 'ആഹ്! ഞാൻ ഒരിക്കൽപോലും അല്ലാഹുവിന്റെ കല്പന പാലിച്ചിട്ടില്ല.' കള്ളന്മാരെ നോക്കിക്കൊണ്ടു പറഞ്ഞു: "ഈ വാക്യവും ഈ വ്യക്തിയുടെ സ്ഥൈര്യവും എന്റെ എല്ലാ ജോലിയും അവസാനിപ്പിച്ചിരിക്കുന്നു. ഇനി ഞാൻ നിങ്ങളോടൊപ്പം ഇരിക്കുകയില്ല. തൗബ ചെയ്യുന്നു." അദ്ദേഹം ഇതുപറഞ്ഞതോടെ ബാക്കി എല്ലാകള്ളന്മാരും തൗബ ചെയ്തു."(മൽഫൂദാത്ത് വാല്യം 1 പേജ് 79-80, 1985 ലണ്ടൻ പതിപ്പ്)

ഇക്കാര്യവും ആത്മപരിശോധനയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ദീൻ നശിക്കുകയും ഇസ്ലാമിന്റെ ശരിയായ അധ്യാപനമനുസരിച്ച് ആരും നടക്കാതിരിക്കുകയും ചെയ്ത ഘട്ടത്തിലാണ് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിച്ചിട്ടുള്ളത്. ഇസ്ലാമിന്റെ ശരിയായ അധ്യാപനത്തിൽ നടക്കണമെങ്കിൽ നമ്മൾ മസീഹ് മൗഊദിനെ വിശ്വസിക്കണം. അതുകൊണ്ടാണ് നമ്മൾ വിശ്വസിച്ചത്. അതിനുശേഷം നമ്മൾ നമ്മുടെ തിന്മകൾ ഉപേക്ഷിച്ചിട്ടുണ്ടോ? കളവ് എന്നത് ബാഹ്യത്തിൽ നിസാരമായിതോന്നുന്ന ഒരു തിന്മയാണ്. പക്ഷേ അത് വളരെ വലുതാണ്. സംഭവങ്ങളുടെ നിലവാരത്തിൽ നമ്മൾ ഉരച്ചു നോക്കുകയാണെങ്കിൽ ബഹുഭൂരിഭാഗം ആളുകളും ഈ തിന്മയിൽ അകപ്പെട്ടവരാണ്. അതുകൊണ്ട് ബയ്അത്തും തഖ്‌വയും ആഗ്രഹിക്കുന്നത് നമ്മൾ ആ തിന്മയിൽ നിന്ന് രക്ഷപ്പെടണമെന്നാണ്. ഇവിടെ ധാരാളമാളുകൾ വന്നിരിക്കുന്നത് ദിനിന്റെ കാരണത്താലാണ്. സ്വന്തം നാട്ടിൽ അവരുടെ ദീനനുസരിച്ച് കർമങ്ങൾ ചെയ്യാൻ അനുവാദമില്ല. സ്വതന്ത്രമായി തങ്ങളുടെ ദീൻ പ്രകടിപ്പിക്കാൻ അനുവാദമില്ല. അതുകൊണ്ട് നമ്മൾ പ്രത്യേകിച്ചും പാശ്ചാത്യ രാജ്യങ്ങളിൽ കഴിയുന്നവർ ഒരുപാട് സൂക്ഷിക്കേണ്ടതാണ്. നമ്മളുടെ ചെറുതായ ഒരു പ്രവൃത്തി പോലും ഇത് പ്രകടിപ്പിക്കുന്നതോ അല്ലെങ്കിൽ നമ്മുടെ നാവുകൊണ്ട് ഏതെങ്കിലും വാക്കുകൾ ഇത് കളവാണെന്ന് ധ്വനിപ്പിക്കുന്നതോ അല്ലെങ്കിൽ നമ്മൾ തെറ്റായ രീതിയിൽ ഫലമെടുക്കുന്നു എന്ന് തോന്നുന്നതോ ആകാതിരിക്കേണ്ടതാണ്. അതുകൊണ്ട് തഖ്‌വയുടെ നിലവാരം മുന്നിൽവെച്ചുകൊണ്ട് ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്.

അല്ലാഹു പ്രദാനം ചെയ്തിരിക്കുന്ന ശക്തികളെ എങ്ങനെ നീതിയോടുകൂടി ഉപയോഗിക്കണം. അതു ഉപയോഗിക്കുന്നതുകൊണ്ടാണ് മനുഷ്യന് വളർച്ച ഉണ്ടാകുന്നത്. അവിടന്ന് പറയുന്നു:"അല്ലാഹു എത്രത്തോളം ശക്തികൾ പ്രദാനം ചെയ്തിട്ടുണ്ടോ അത് നഷ്ടപ്പെടുത്തിക്കളയാനല്ല തന്നിരിക്കുന്നത്. അവയുടെ ക്രമപ്പെടുത്തലും അനുവദനീയമായ ഉപയോഗവുമാണ് അവയുടെ വളർച്ച."(അവയെ നീതിപൂർവവും അനുവദനീയവുമായ നിലയിലും ഉപയോഗിക്കലാണ് അവയുടെ വളർച്ച. അവയെ വളർത്തേണ്ടതാണ്. അവയെ പ്രയോജനപ്പെടുത്തേണ്ടതാണ്. അവയെ ശരിയായി വെക്കേണ്ടതാണ്. അതായത് അനുവദനീയമായ അവയുടെ ഉപയോഗം നിർബന്ധമാണ്.) പറഞ്ഞു:" അതുകൊണ്ട് ഇസ്ലാം പൗരുഷശക്തികളോ കണ്ണുകളോ എടുക്കുന്നതിന് പാഠം നല്കിയില്ല. പ്രത്യുത അവയുടെ അനുവദനീയമായ ഉപയോഗവും ആത്മപരിശുദ്ധിയും ചെയ്യിച്ചു. ഖദ് അഫ്‌ലഹൽമുഅ്മിനൂൻ എന്നു പറഞ്ഞതുപോലെ."(23:2) പറഞ്ഞു:"മുത്തഖിയുടെ ജീവിതത്തിന്റെ ചിത്രം വരച്ചുകൊണ്ട് അവസാന ഫലമെന്നനിലയിൽ പറഞ്ഞു: ഉലാഇക്കഹുമുൽ മുഫ്‌ലിഹൂൻ(2:6)അതായത് അവർ തഖ്‌വയിൽ ചുവടു വെക്കുന്നു. അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുന്നു. നമസ്കാരം ഇളകുമ്പോൾ അതിനെ നിലനിറുത്തുന്നു. അല്ലാഹു നല്കിയതിൽനിന്ന് ചെലവഴിക്കുന്നു." രാത്രിയിൽ ആരാധനകൾ നിർവഹിക്കുന്നു. നമസ്കാരത്തിൽ ചിന്തകൾ വരികയാണെങ്കിൽ വീണ്ടും അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കുന്നു. ആ ചിന്തകളെ നിന്ദിച്ചുതട്ടിമാറ്റുന്നു. എപ്പോഴെങ്കിലും നമസ്കാരത്തിലേക്ക് ശ്രദ്ധ ഉണ്ടാകുന്നില്ലെങ്കിൽ -നമസ്കാരം കൃത്യസമയത്ത് നമസ്കരിക്കേണ്ടതാണല്ലോ-അപ്പോൾ സ്വയം നന്നാക്കുന്നു. നമസ്കാരം കൃത്യസമയത്ത് നമസ്കരിക്കാൻ ശ്രദ്ധിക്കുന്നു. അത്തരക്കാരാണ് പിന്നീട് വിജയം വരിക്കുന്നവർ. അല്ലാഹു നല്കിയിട്ടുള്ളത് അവർ നല്കുന്നു. അല്ലാഹു നല്കിയ മുതലിൽനിന്ന് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നു). പറഞ്ഞു: "ആത്മാവിന് ഭീഷണി ഉണ്ടായിട്ടും കഴിഞ്ഞുകടന്നതും ഇപ്പോൾ ഉള്ളതുമായ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഒന്നും ചിന്തിക്കാതെ വിശ്വസിക്കുന്നു. അവസാനം അവർ ദൃഢവിശ്വാസംവരെ എത്തുന്നു."(അദൃശ്യത്തിലുള്ള വിശ്വാസമുണ്ടാകുമ്പോൾ പിന്നീട് യഖീൻ അഥവാ ദൃഢവിശ്വാസവും ഉണ്ടാകുന്നു. യഖീൻവരെ എത്തിക്കുന്ന വിശ്വാസം ഉണ്ടാകുന്നു). പറഞ്ഞു:"ഹിദായത്തിന്റെ ഉച്ചിയിലുള്ളവർ ഇവരാണ്. സമാനമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന റോഡിലാണ് അവർ ഉള്ളത്. ഇതുമുഖേന മനുഷ്യൻ ഫലാഹ് വരെ എത്തുന്നു. ഇക്കൂട്ടരാണ് വിജയം വരിച്ചവർ. അവർ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതാണ്. വഴിയിലെ അപകടങ്ങളിൽനിന്ന് അവർ മോചിതരായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ആരംഭത്തിൽത്തന്നെ അല്ലാഹു നമുക്ക് തഖ്‌വായുടെ പാഠം നല്കി, തഖ്‌വായെ സംബന്ധിച്ച് വസിയ്യത്തുകളുള്ള ഗ്രന്ഥവും പ്രദാനം ചെയ്തു."(അതായത് തഖ്‌വയെ സംബന്ധിച്ചുള്ള എല്ലാ ഉപദേശങ്ങളും നല്കി). "അതുകൊണ്ട് നമ്മുടെ ജമാഅത്ത്, അവരിൽ ഭൗതികമായ എല്ലാ ദുഃഖങ്ങളെക്കാളുപരിയായി ദുഃഖത്തോടെ തങ്ങളുടെ ജീവനിൽ തഖ്‌വാ ഉണ്ടോ എന്ന നോക്കുക."(മൽഫൂദാത്ത് വാല്യം 1 പേജ് 35, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അല്ലാഹുവിനോടുള്ള ഭയത്തെ സംബന്ധിച്ച് അവിടന്നു പറയുന്നു: "മനുഷ്യന്റെ വാക്കും പ്രവൃത്തിയും എത്രത്തോളം പരസ്പരം യോജിച്ചു വരുന്നുണ്ടെന്ന് നോക്കുന്നതിലാണ് അല്ലാഹുവിനോടുള്ള ഭയം." (എന്താണ് സംസാരിക്കുന്നത്, എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്, അവ തമ്മിൽ പരസ്പരം യോജിക്കുന്നുണ്ടോ? ഒന്നു മറ്റൊന്നിനോടു ചേരുന്നുണ്ടോ?അതല്ല വിരുദ്ധമാണോ?) "പിന്നീട് അവന്റെ

**ഇൽഹാം ഹദ്റത്ത് മസീഹ് മൗഊദ്(അ):**

**വസ്സിഅ് മക്കാനക്ക**

"നീ നിന്റെ ഭവനം വശാലമാക്കുക."

**ത്വാലിബെ ദുആ:**

**അബ്ദുസ്സമദ് , പഴയങ്ങാടി**

വാക്കും പ്രവൃത്തിയും തുല്യമല്ലെന്ന് കണ്ടാൽ അവൻ ദൈവകോപത്തിന് പാത്രമാണെന്ന് മനസ്സിലാക്കിക്കൊള്ളുക. വാക്ക് എത്രമാത്രം പരിശുദ്ധമാണെങ്കിലും അശുദ്ധമായിട്ടുള്ള ഹൃദയമാണെങ്കിൽ ആ ഹൃദയത്തിന് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഒരു വിലയുമില്ല." (ഹൃദയം ചീത്തയാണെങ്കിൽ സ്വന്തം കർമം അതനുസരിച്ചല്ലെങ്കിൽ എത്ര നല്ല കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നാലും അല്ലാഹുവിന്റെ ദൃഷ്ടിയിൽ അതിനു ഒരു വിലയും ഇല്ല.) "എന്നല്ല ദൈവകോപം ജ്വലിക്കുന്നതാണ്." (അല്ലാഹു എല്ലാവരേയും അതിൽ നിന്ന് രക്ഷിക്കുമാറാകട്ടെ). പറഞ്ഞു, "അതുകൊണ്ട് എന്റെ ജമാഅത്ത് മനസ്സിലാക്കിക്കൊള്ളുക, അവർ എന്റെ അടുത്ത് വന്നിട്ടുള്ളത് ഒരു ബീജാവാപം ചെയ്യുന്നതിനാണ്. അതുമുഖേന അവർ വൻവൃക്ഷമായി മാറണം. അതുകൊണ്ട് തങ്ങളുടെ ആന്തരികാവസ്ഥ എങ്ങനെയാണെന്ന് ഓരോരുത്തരും സ്വന്തമായി ചിന്തിക്കുക;അവന്റെ ബാഹ്യാവസ്ഥ എങ്ങനെയാണെന്നും. നമ്മുടെ ജമാഅത്തും -അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ-അവരുടെ നാവിൽ ഒന്നും ഹൃദയത്തിൽ മറ്റൊന്നുമാണെങ്കിൽ പര്യവസാനം നന്നായിരിക്കുകയില്ല. ഒരു ജമാഅത്ത് മനസ്സുകൊണ്ട് കാലിയാണെന്നും നാവുകൊണ്ടുള്ള വാദം മാത്രമാണുള്ളതെന്നും അല്ലാഹു കണ്ടാൽ പരാശ്രയരഹിതനായ അവൻ ഗൗനിക്കുകയേയില്ല. അതായത് ദൈവവാഗ്ദാനത്തിൽ എന്തെങ്കിലും മറഞ്ഞ നിബന്ധനയുണ്ടാകാൻ സാധ്യതയുണ്ട്."(മൽഫൂദാത്ത് വാള്യം 1 പേജ് 11, 1985 ലണ്ടൻ പതിപ്പ്)

ഇത് നമ്മളും വളരെ ഭയപ്പെടേണ്ട സ്ഥാനമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും പുരോഗതിയുടെ വാഗ്ദാനം അല്ലാഹു ചെയ്തിട്ടുണ്ടെന്നത് ശരിതന്നെ. വിജയം നല്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. വിജയിക്കുമെന്ന് വാഗ്ദാനം നല്കിയിട്ടുണ്ട്. പക്ഷേ, അതിന്റെ ഭാഗമാകുന്നതിന് നമുക്ക് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്.

പിന്നീട് അവിടന്ന് പറയുന്നു: "നമ്മുടെ ജമാഅത്തിനും പ്രത്യേകിച്ച് തഖ്‌വയുടെ ആവശ്യമുണ്ട്. പ്രത്യേകിച്ചും അവർ ഏതെല്ലാം തരത്തിലുള്ള പകകളിലും കുശുമ്പുകളിലും ബിംബാരാധനയിലും അകപ്പെട്ടിരുന്നുവോ, അവർ ആ അകപ്പെട്ടിരുന്ന എല്ലാ ആപത്തുകളിൽ നിന്നും രക്ഷപ്പെടാൻവേണ്ടി ദൈവനിയോഗിതനെന്ന് വാദിക്കുന്ന ഒരാളുമായി ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ബന്ധം വെക്കുന്നവരാണ്."(പഴകിയ രോഗങ്ങളായിരുന്നു. പക്ഷേ, ഇപ്പോൾ ദൈവനിയോഗിതനെന്ന് വാദിക്കുന്ന ഒരാളുമായി ബന്ധംവെച്ചിരിക്കുന്നു. അദ്ദേഹവുമായി ബന്ധംവെച്ചിരിക്കുന്നത് അക്കാര്യങ്ങളിൽനിന്നും വിപത്തുകളിൽനിന്നും രക്ഷപ്പെടാനാണ്).അവിടന്ന് പറയുന്നു: "ആരെങ്കിലും രോഗിയായാൽ ആ രോഗം എത്ര ചെറുതാണെങ്കിലോ വലുതാണെങ്കിലോ അതിനെ ശുശ്രൂഷിക്കുന്നില്ലെങ്കിൽ, ചികിത്സയ്ക്കായി വിഷമം സഹിക്കുന്നില്ലെങ്കിൽ രോഗം സുഖമാവുകയില്ലെന്ന് നിങ്ങൾക്കറിയാം. ഒരു കറുത്ത കല മുഖത്ത് വന്നാൽ, അതെങ്ങാനും വലുതായി മുഖം മുഴുവൻ കറുപ്പിച്ചു കളയുമോ എന്ന ആശങ്കയുണ്ടാക്കുന്നു. ഇപ്രകാരം പാപത്തിന്റേയും ഒരു കലയുണ്ട്."(പാപത്തിന്റേയും ഒരു കലയുണ്ട്. ബലഹീനതയുടേയും പാപത്തിന്റേയും)"കറുത്ത കല മനസ്സിലുണ്ടാകുന്നു." പറഞ്ഞു:"ചെറിയ തീപൊരി ആളിക്കത്തുന്നതായി മാറുന്നു."(ചെറിയ ചെറിയ തെറ്റുകളും പാപങ്ങളുമുണ്ട്. അത് ചെറിയ ചെറിയ കാര്യങ്ങളാണെന്ന് മനഷ്യൻ കരുതുന്നു. അത് ഒട്ടും ഗൗനിച്ചില്ല. മടികാണിച്ചു. അത് ശരിയാക്കുന്നതിനു അല്ലാഹുവിന്റെ കല്പനയനുസരിച്ച് പൂർണമായും പ്രവർത്തിച്ചില്ല. അതിൽനിന്ന് രക്ഷപ്പെടുന്നതിന് അല്ലാഹുവിനോടു തഖ് വാ കൈക്കൊണ്ടില്ല. അപ്പോൾ എന്താകും? ഈ അലസതകൾ പിന്നീട് വൻ പാപങ്ങളായിത്തീരുന്നതാണ്). പറഞ്ഞു: "ചെറിയ തീപൊരി ആ കറുത്ത പാടാണ്. അതുവലുതായി അവസാനം മുഖം മുഴുവനും കറുപ്പിച്ചു കളയും."(മൽഫൂദാത്ത് വാള്യം 1 പേജ് 10, 1985 ലണ്ടൻ പതിപ്പ്) ഈ ചെറിയ പാപങ്ങൾ തന്നെയാണ് വലിയ പാപങ്ങളായിത്തീരുന്നത്. പിന്നീട് മനുഷ്യനെ കറുപ്പിച്ചുകളയുന്നത്.

അല്ലാഹുത്തആല നമുക്ക് റമളാനിന്റെ ഈ പ്രത്യേക ചുറ്റുപാടിൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് തഖ്‌വ കൈക്കൊള്ളുവാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ എല്ലാ തരത്തിലുള്ള തിന്മകളിൽനിന്നും രക്ഷപ്പെടുന്നവരും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് എല്ലാ കർമങ്ങളും വാർത്തെടുക്കുന്നവരുമായ ജമാഅത്താംഗങ്ങളായിത്തീരട്ടെ. എല്ലാ നന്മകളിലും നിന്നുകൊണ്ട്, നമ്മൾ ഉപേക്ഷിച്ചിട്ടുള്ള തിന്മകൾ അല്ലെങ്കിൽ ഉണ്ടായിട്ടുള്ള ചെറിയ തിന്മകൾ വീണ്ടും തിരിച്ചുവരാതിരിക്കത്തവണ്ണം പരിശുദ്ധരായി ഈ മാസത്തിൽ നിന്ന് പുറത്ത് വരാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം രണ്ട് ജനാസകളും നമസ്കരിപ്പിക്കുന്നതാണ്. ഒരു ജനാസ ഹാജരാണ്. അത് യു.കെ.യിലെ പരേതനായ അബ്ദുൽഹമീദ് സാഹിബ് കാവൺട്രിയുടെ ഭാര്യ ത്വാഹിറ ഹമീദ് സാഹിബയുടേതാണ്. ജൂൺ 8 ന് ദീർഘമായ രോഗത്തിനുശേഷം 60-ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പാകിസ്താനിലെ ഝലം എന്ന സ്ഥലവുമായിട്ടായിരുന്നു അവരുടെ ബന്ധം. 2001 ൽ യു.കെ.യിൽ വന്നു. സാത്വികയായിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുകയും ഖിലാഫത്തിനോടു വിശ്വാസപരമായ ബന്ധം പുലർത്തുകയും ചെയ്തിരുന്നു. കുട്ടികൾക്കും ശരിയായനിലയിൽ ശിക്ഷണം നല്കി. അവരെ ജമാഅത്തുമായി ബന്ധപ്പെടുത്തി നിറുത്തി. പ്രത്യേകമായും നമസ്കാരങ്ങളെ ശ്രദ്ധിക്കുന്നവരായിരുന്നു. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ മൂസിയായുമായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ അവരുടെ മാതാവിനു പുറമെ ഒരു മകനും അഞ്ചു പെൺമക്കളുമുണ്ട്. അല്ലാഹു അവരോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ. ബന്ധുമിത്രാദികൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഗാഇബാണ്. അത് അട്ടക് ജില്ലയിലെ ശരീഫ് അഹ്മദ് സാഹിബിന്റെ മകൻ ഹമീദ് അഹ്മദ് സാഹിബ് ശഹീദിന്റേതാണ്. അദ്ദേഹത്തെ അഹ്മദിയ്യത്തിന്റെ എതിരാളികൾ ജൂൺ നാലിന് ഉച്ചയ്ക്ക് രണ്ടരമണിക്ക് അദ്ദേഹത്തിന്റെ വീടിനുവെളിയിൽ വെടിവച്ച് ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വിശദീകരണമനുസരിച്ച് ജൂൺ നാലിന് ഹമീദ് സാഹിബ് ളുഹ്ർ നമസ്കരിച്ചതിനുശേഷം മസ്ജിദിൽനിന്ന് വീട്ടിൽ മടങ്ങിവരികയും വീടിന്റെ ഗേറ്റിൽ വന്ന് മോട്ടോർ സൈക്കിളിന്റെ ഹോൺ അടിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മകൾ വീടിന്റെ വാതിലും വെളിയിലെ ഗേറ്റും തുറക്കാൻ വരികയായിരുന്നു. ആ സമയത്ത് അജ്ഞാതരായ അക്രമകാരികൾ വരികയും ഹമീദ് സാഹിബിന്റെ വളരെ അടുത്തുനിന്ന് നിറയൊഴിക്കുകയും സംഭവസ്ഥലത്തുനിന്ന് ഓടിപ്പോകുകയും ചെയ്തു. ഹമീദ് സാഹിബിന് ഒരു വെടിയുണ്ടയേറ്റു. അത് മുഖത്തിന്റെ വലതുഭാഗത്താണ് കൊണ്ടത്. തലയുടെ പിന്നിലൂടെ പുറത്തുപോകുകയും ചെയ്തു. വെടിയേറ്റ കാരണത്താൽ ഹമീദ് സാഹിബ് സംഭവസ്ഥലത്തുതന്നെ ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വരുന്നത് അദ്ദേഹത്തിന്റെ പിതാമഹൻ ഗോജറൻവാല ജില്ലയിലെ ലവേറിക്കാരനായ മിയാ മുഹമ്മദ് അലി സാഹിബ് മുഖേനയാണ്. അദ്ദേഹം 1923-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)യുടെ പരിശുദ്ധ കൈയിൽ ബയ്അത്ത് ചെയ്തു. ശഹീദ് മർഹൂം 1953 മെയ് 15 ന് ഗോജറൻവാല ജില്ലയിലെ ലവേറിവാലായിൽ ജനിച്ചു. പന്നീട് എഫ് എ വരെ അദ്ദേഹം അവിടെതന്നെ വിദ്യാഭ്യാസം കരസ്ഥമാക്കി. അതിനുശേഷം അട്ടക്കിലെ സൻജ്‌വാൽ ഫാക്ടറിയിൽ ഉദ്യോഗസ്ഥനായി. ഉദ്യോഗസ്ഥനായിരിക്കെ മർഹൂം ഗ്രാജുവേഷൻ പൂർത്തിയാക്കി. അതിനോടൊപ്പം DHMS കോഴ്സും ചെയ്തു. ഹോമിയോപ്പതി പ്രാക്ടീസും ചെയ്തുകൊണ്ടിരുന്നു. 26 വർഷം സർവീസ് ചെയ്തതിനുശേഷം ശഹീദ് മർഹൂം റിട്ടയേർഡ്മെന്റ് വാങ്ങി. പിന്നീട് അട്ടക് നഗരത്തിൽ ഹോമിയോപ്പതി ക്ലീനിക് തുറന്നു. പരേതന്റെ വിവാഹം 1982 ൽ റബ്‌വ വാസിയായ ബശീർ അഹ്മദ് സാഹിബിന്റെ മകൾ അമത്തുൽ കരീം സാഹിബയുമായി നടന്നു. അദ്ദേഹത്തിന്റെ കട, റബ്‌വ ക്ലോത്ത് സ്റ്റോർ എന്ന പേരിൽ പ്രസിദ്ധമായിരുന്നു. അവരുടേയും മരണം നാലുവർഷം മുമ്പേ ഉണ്ടായി. രോഗിയായിരുന്നു. പരേത അട്ടക് ഗവൺമെന്റ് കോളേജിൽ ലക്ചറായി ജോലി ചെയ്യുകയായിരുന്നു. ശഹീദ് മർഹൂം അളവറ്റ സൽഗുണങ്ങളുടെ ഉടമയായിരുന്നു. ദഅ്‌വത്തെ ഇലല്ലാഹ്, അതിഥിസൽക്കാരം, സഹതാപം, സാധുക്കളെ സഹായിക്കൽ, ഔദ്യോഗികഭാരവാഹികളെ അനുസരിക്കൽ തുടങ്ങിയവ വളരെ വ്യക്തമായ സ്വഭാവ ഗുണങ്ങളായിരുന്നു. പ്രവർത്തനനിരതനായ ദാഈ ഇലല്ലാഹ് ആയിരുന്നു. ലാസ്മിചന്ദകൾ കൊടുത്തുകൊണ്ടിരുന്നു. മറ്റെല്ലാ സാമ്പത്തിക പദ്ധതികളിലും ഉത്സാഹത്തോടെ പങ്കെടുക്കുകയും ചെയ്തിരുന്നു. അട്ടക്കിലെ സൻജ്‌വാൽ ഫാക്ടറിയിൽ ഉദ്യോഗസ്ഥനായിരിക്കെ തന്റെ ഒരു സ്നേഹിതനെ ബയ്അത്ത് ചെയ്യിച്ചു. അതിനു ശേഷം ആ കുടുംബത്തിലെ എല്ലാവരും ജമാഅത്തിൽ ചേർന്നു. ഇപ്രകാരം ഒരു കുടുംബത്തിലെ 9 അംഗങ്ങൾ ബയ്അത്ത് ചെയ്തു. ഇതിനെ തുടർന്ന് ഫാക്ടറിയിൽ അദ്ദേഹത്തിന്നെതിരെ എതിർപ്പ് തുടങ്ങി. ശഹീദ് മർഹൂം സർക്കാർ അലൗട്ട് ചെയ്ത കോർട്ടറിലായിരുന്നു താമസിച്ചിരുന്നത്. എതിരാളികൾ അദ്ദേഹത്തിന്റെ വീടിനുനേരെ കല്ലേറ് നടത്തുകയുണ്ടായി. അവസാനം ഫാക്ടറി അധികാരികൾ ഹമീദ് സാഹിബിനേയും അദ്ദേഹത്തിന്റെ സ്നേഹിതനായ നവ അഹ്മദിയേയും സൻജ്‌വാൽ ഫാക്ടറിയിൽനിന്ന് റാവൽപിണ്ടിജില്ലയിലെ വാഹ് ഫാക്ടറിയിലേക്ക് സ്ഥലം മാറ്റി. പരേതന് കുറച്ചു നാളായി ഭീഷണി ഉണ്ടായിരുന്നു. 2015 ജനുവരിയിൽ ഒരു ഭീകരവാദി അട്ടക് മസ്ജിദിനും അദ്ദേഹത്തിന്റെ ക്ലീനിക്കിനും തീവെക്കാൻ ശ്രമിച്ചിരുന്നു. കാവൽക്കാരൻ കൃത്യസമയത്തു വന്നതുകൊണ്ട് അയാൾ ഓടിപ്പോയി. ഈ സംഭവത്തിന് രണ്ടു ദിവസം കഴിഞ്ഞ് ആ ഭീകരവാദി രണ്ടാമതും അദ്ദേഹത്തിന്റെ ക്ലീനിക്കിന് തീവെക്കാൻ ശ്രമിച്ചു. സംഭവസ്ഥലത്തുതന്നെ പിടിക്കപ്പെട്ടു. പിന്നീട് പോലീസിനെ ഏല്പിച്ചു.

അദ്ദേഹത്തിന്റെ മകൻ നവേദ് അഹ്മദ് ഇവിടെയുണ്ട്. പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ പോകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പറയുന്നു: എന്റെ പിതാവ് ഖിലാഫത്തിനെ അനുസരിക്കുന്ന ആളായിരുന്നു. വളരെ ധൈര്യവാനായിരുന്നു. ദഅ്‌വത്തെ ഇലല്ലാഹ് ചെയ്യുന്ന ആളായിരുന്നു. അഞ്ചുനേരം നമസ്കാരം സ്വയം അനുഷ്ഠിക്കുകയും ഞങ്ങളെ ഉപദേശിക്കുകയും ചെയ്യുമായിരുന്നു. നിത്യവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ഇവിടേയും ജൽസയുടെ അവസരത്തിൽ പലപ്പോഴും വന്നിരുന്നു. എപ്പോഴും മസ്ജിദ് ഫള്‌ലിൽവന്ന് ജമാഅത്തായി നമസ്കരിക്കാൻ ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ ചെറിയ മകൾ സൽമ നസ്ഹത്ത് പറയുന്നു: ഉപ്പ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്ന ആളായിരുന്നു. എല്ലാ പദ്ധതികൾക്കും ലബ്ബൈക്ക് പറയുമായിരുന്നു. ശഹാദത്തിന് ഏകദേശം ഒരാഴ്ചമുമ്പേ മകളേ, ജീവിതത്തെ വിശ്വസിക്കാൻ പറ്റില്ല എന്നാണ് എന്നോടു പറഞ്ഞുകൊണ്ടിരുന്നത്. അതിനോടൊപ്പം നന്മ ചെയ്യാൻ ഉപദേശിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഒരു മകളാണ് ഫസ്വാഹത്ത് ഹമീദ് സാഹിബ. അവർ പറയുന്നു: ജുമുഅ ഖുത്ബ ലൈവ് കേൾക്കുകയും റെക്കോർഡ് ചെയ്ത് ഓഡിയോ വാട്ട്സ് ആപ്പിലൂടെ(WhatsApp)സുഹൃത്തുക്കൾക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ ഒരു സവിശേഷതയായിരുന്നു.

അദ്ദേഹത്തിന്റെ രണ്ടാമത്തെ മകനാണ് സഈദ് അഹ്മദ് സാഹിബ്. അദ്ദേഹവും പറയുന്നത് ഇതുതന്നെയാണ്. എല്ലാവരും ഈ പ്രത്യേകതകൾ എഴുതിയിട്ടുണ്ട്. അതായത് അങ്ങേയറ്റം സാത്വികനും നന്മ ഉപദേശിക്കുന്നയാളും ധൈര്യശാലിയും ദഅ്‌വത്തെ ഇലല്ലാഹ് ചെയ്യുന്ന ആളുമായിരുന്നു. പാകിസ്താന്റെ പരിതഃസ്ഥിതിയിൽ ദഅ്‌വത്തെ ഇലല്ലാഹ് പ്രവർത്തനം വളരെ ദുഷ്കരമാണ്. നമ്മുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലെ ആളാണ് ളുഹൂർ അഹ്മദ് സാഹിബ്. മുറബ്ബിയാണ്. പരേതന്റെ ജാമാതാവാണ് ഇദ്ദേഹം. ജമാഅത്ത് പരമായ ഉത്തരവാദിത്വങ്ങൾ വളരെ അധ്വാനത്തോടും വിശ്വസ്തതയോടുംകൂടി നിർവഹിച്ചിരുന്നു. ഏറ്റവും കൂടുതൽ സമയമെടുത്ത് ജമാഅത്തിന് സേവനം ചെയ്യാൻ ശ്രമിച്ചിരുന്നു. എല്ലാ പദ്ധതികളിലും പങ്കെടുക്കുന്നയാളും ഖിലാഫത്തിനോടും ജമാഅത്തിനോടും ശക്തമായ ബന്ധം പുലർത്താൻ മക്കളേയും ഉപദേശിക്കുന്നയാളും തഹജ്ജുദ് നമസ്കരിക്കുന്നയാളും സാത്വികനും ദീർഘമായി ദുആ ചെയ്യുന്നയാളുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളുടെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. എന്തായാലും അവിടെ ഇദ്ദേഹത്തിന്റെ മക്കൾക്കും ഭീഷണിയുണ്ട്. അല്ലാഹു അവരെ അവന്റെ സംരക്ഷണയിൽ വെക്കുമാറാകട്ടെ. തങ്ങളുടെ പിതാവിന്റെ നന്മകളെ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.


## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

**മാനേജർ ബദ്ർ വീക്കിലി ഫോൺ: 094170-20616**

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 14 July 2016 Issue-18

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-


# സയ്യിദുനാ അമീറുൽ മുഅ്മിനീന്റെ ഡെന്മാർക്കു പര്യടനം-2016 മെയ്

**05-05-2016(വ്യാഴം)**
**മന്ത്രിമാരും പാർലമെന്റംഗങ്ങളുമായി കൂടിക്കാഴ്ച:**

അമീറുൽ മുഅ്മിനീൻ ഹോട്ടലിൽ വന്നതിനു ശേഷം കോൺഫ്രൻസു ഹാളിലെത്തുകയും അതിഥികളുമായി പരിചയപ്പെടുകയും ചെയ്തു.

ഒരു പാർലമെന്റ് വനിതഅംഗം പറഞ്ഞു: ഒന്ന്, ഞാൻ ഹുദൂറിനോടു ദുആക്ക് അപേക്ഷിക്കുകയാണ്. ഡാനിഷുകാർ ഇസ്ലാമിനെ കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നു. അവർക്ക് യഥാർഥ ഇസ്ലാമിനെ കുറിച്ച് അറിയില്ല. അങ്ങ് വീഡിയോയിൽ അവർക്കെന്തെങ്കിലും സന്ദേശം നല്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇസ്ലാമിന്റെ അർഥം സമാധാനം എന്നാണ്. സമാധാനത്തിനെതിരായിട്ടുള്ളവർ ഇസ്ലാമിനെ വിശ്വസിക്കുന്നവരല്ല. ഭീകരവാദികളുമായി ഇസ്ലാമിന് ഒരു ബന്ധവുമില്ല. അവർ ഇസ്ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വിശുദ്ധ ഖുർആനിൽനിന്നും നബി(സ)തിരുമേനിയിൽനിന്നും പഠിച്ച യഥാർഥവും അടിസ്ഥാനപരവുമായ ഇസ്ലാമാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഞങ്ങൾക്ക് എത്തിച്ചുതന്നിട്ടുള്ളത്. ഇതു നബി(സ)തിരുമേനിയുടെ തന്നെ അധ്യാപനങ്ങളാണ്. ഞാൻ ആ ഇസ്ലാമിനെയാണ് അറിയുന്നത്. അത് ശാന്തി നിർഭരവും സമാധാനപരവും സ്നേഹിക്കുന്നതുമായ ഇസ്ലാമാണ്.

മെമ്പർ പാർലമെന്റ് ചോദിച്ചു: കുറച്ചാളുകൾ പറയുന്നു മതപരിത്യാഗിക്ക് ശിക്ഷയുണ്ടെന്ന്? അമീറുൽമുഅ്മിനീൻ പറഞ്ഞു: അങ്ങനെയില്ല. ലാ ഇക്റാഹ ഫിദ്ദീൻ എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ദീനിൽ, മതത്തിൽ ഒരു നിർബന്ധവുമില്ല. മതം സ്വീകരിക്കുന്നതിലും നിഷേധിക്കുന്നതിലും ഓരോ മനുഷ്യനും സ്വതന്ത്രനാണ്. മതപരിത്യാഗിക്ക് വിശുദ്ധഖുർആനിൽ ഒരു ശിക്ഷയുമില്ല. മതം മാറുന്നവനെ കൊല്ലുക എന്നത് തികച്ചും ഇസ്ലാമിന് വിരുദ്ധമാണ്. ഇസ്ലാം സമാധാനത്തിന്റേയും ശാന്തിയുടേയും സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റേയും മതമാണ്. സ്നേഹത്തിന്റേയും അനുരക്തിയുടേയും മതമാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: എന്നെ സംബന്ധിച്ചിടത്തോളം മാനുഷികമൂല്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. മറ്റു വസ്തുക്കളുടെമേൽ മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നല്കേണ്ടതാണ്. എല്ലാ ഓരോരുത്തരോടും മതവ്യത്യാസമോ ജാതിവ്യത്യാസമോ വർഗ വർണ വ്യത്യാസമോ കൂടാതെ സ്നേഹത്തോടും അനുരക്തിയോടുംകൂടി പെരുമാറേണ്ടതാണ്. എല്ലാ ഓരോരുത്തരുടേയും അവകാശങ്ങൾ ഗൗനിക്കേണ്ടതാണ്.

ഇതുകേട്ട് മെമ്പർ പാർലമെന്റ് പറഞ്ഞു: അങ്ങയുടെ സന്ദേശം വളരെ പ്രിയങ്കരമായ സന്ദേശമാണ്. അത് ഞാൻ മുഴുലോകത്തും പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഹുദൂർ വിവരിച്ച ഇസ്ലാമാണ് യഥാർഥവും ശരിയായതുമായതെന്ന് എനിക്കറിയാം.

ഒരു ചോദ്യത്തിനു മറുപടിയായി അമീറുൽമുഅ്മിനീൻ പറഞ്ഞു: 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'എന്ന ഞങ്ങളുടെ മോട്ടോ തികച്ചും ഇസ്ലാമികാധ്യാപനമനുസരിച്ചുള്ളതാണ്.

മറ്റൊരു ചോദ്യത്തിനു മറുപടിയായി അമീറുൽ മുഅ്മിനീൻ പറഞ്ഞു: നബി(സ)തിരുമേനി പറഞ്ഞു, 'ഹുബ്ബുൽ വത്നി മിനൽ ഈമാനി' ദേശത്തോടുള്ള സ്നേഹം നമ്മുടെ വിശ്വാസത്തിന്റെ ഭാഗമാണ്. അഹ്മദി എവിടെ ഉണ്ടെങ്കിലും തങ്ങൾ വസിക്കുന്ന നാടിനെ സ്നേഹിക്കുന്നവരാണ്. ഇവിടെ ഡെന്മാർക്കിൽ ഏതെങ്കിലും അഹ്മദിക്ക് പൗരത്വം കിട്ടുമ്പോൾ അവൻ ഔദ്യോഗികമായി ഈ ദേശത്തിന്റെ പൗരനായിത്തീരുന്നു. തന്റെ നാടിനെ സേവിക്കുക എന്നത് അവന്റെ നിർബന്ധ കടമയാണ്. രാജ്യത്തിന്റെ ഉന്നതിക്കും അഭിവൃദ്ധിക്കുംവേണ്ടി പ്രവർത്തിക്കുകയും സേവിക്കുകയും ചെയ്യുക. അല്ലാതെ തന്റെ മതം ഉപേക്ഷിക്കുക എന്നതല്ല. തന്റെ മതത്തിൽനിന്നുകൊണ്ട് തന്റെ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുക. ഇതാണ് ശരിയായ കിശേഷ്യമശേരീ.

ഒരു മെമ്പർ ഓഫ് പാർലമെന്റ് ചോദിച്ചു: അങ്ങ് മറ്റു മതാധ്യക്ഷന്മാരുമായി കാണുമോ? അമീറുൽമുഅ്മിനീൻ പറഞ്ഞു: അവർ കാണാൻ തയ്യാറാകുകയാണെങ്കിൽ ഞാൻ തയ്യാറായിരിക്കും. താങ്കൾ കൾച്ചറൽ അഫ്യേഴ്സിന്റെ മിനിസ്റ്ററാണല്ലോ? താങ്കൾ ഓർഗനൈസ് ചെയ്യുക. പക്ഷേ, അവർ ഞങ്ങളുമായി കാണാൻ തയ്യാറാകുകയില്ല. അവർ പറയുന്നത് അഹ്മദികളായ ഞങ്ങൾ മുസ്ലിമല്ലെന്നാണ്. ഞങ്ങൾ ഇസ്ലാമികാധ്യാപനങ്ങൾ ഉപേക്ഷിച്ചുവത്രെ!

ജിഹാദിനെക്കുറിച്ചുള്ള ഒരു ചോദ്യത്തിന് മറുപടിയിൽ അമീറുൽമുഅ്മിനീൻ പറഞ്ഞു: ജിഹാദിന്റെ അർഥം അധ്വാനം, പരിശ്രമം എന്നൊക്കെയാണ്. ഇസ്ലാമിന്റെ യഥാർഥവും സമാധാനനിർഭരവുമായ സന്ദേശം എത്തിക്കലാണ്. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശം നല്കുക എന്നതാണ് ജിഹാദ്. ഇക്കാലഘട്ടത്തിൽ വാളെടുത്തുള്ള ജിഹാദില്ല. ഇക്കാലഘട്ടത്തിൽ ആരുംതന്നെ ഇസ്ലാമിന്നെതിരിൽ വാളെടുക്കുന്നില്ല. ആരും തങ്ങളുടെ ആയുധങ്ങളുമെടുത്ത് ഇസ്ലാമിന്റെമേൽ ആക്രമണം നടത്തുന്നില്ല. ഇക്കാലഘട്ടത്തിൽ തൂലികകൊണ്ടുള്ള ജിഹാദാണ്. ഇസ്ലാമിനുമേൽ മാധ്യമങ്ങളും ലിറ്ററേച്ചറുകളും മുഖേന പ്രചാരണത്തിലൂടെ ആക്രമണം നടത്തുന്നു. അതിനുള്ള മറുപടിയും അതേരീതിയിൽ നല്കേണ്ടതാണ്.

**സ്വാഗതപരിപാടി:**

ഈ പരിപാടി 6.50 വരെ നീണ്ടുനിന്നു. പിന്നീടു അമീറുൽമുഅ്മിനീൻ ഹോട്ടലിലെ ഹാളിൽ വന്നു. അമീറുൽമുഅ്മിനീൻ വരുന്നതിനു മുമ്പേ അതിഥികളെല്ലാവരും അവരവരുടെ കസേരകളിൽ ഇരുന്നു കഴിഞ്ഞിരുന്നു.

മുബല്ലിഗ് ഇൻചാർജായ ഡെന്മാർക്ക് അമീർ സ്വാഗതഭാഷണം നടത്തി. അതിനു ശേഷം ചില വിശിഷ്ഠാതിഥികൾ പ്രസംഗിച്ചു.

ഏറ്റവും ആദ്യം പ്രസംഗിച്ചത് Honourable Holger Schou Rasmussen സാഹിബായിരുന്നു. അദ്ദേഹം Lolland മേയറാണ്. അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു: ഈ പരിപാടിയിൽ എന്നെ ക്ഷണിച്ചതിന് ഞാൻ നന്ദി പറയുകയാണ്. ലോലാന്റ് മുനിസിപ്പാലിറ്റിയുടെ മേയർ എന്ന നിലയിൽ ഹുദൂർ അൻവറിനെ ഡെന്മാർക്കിൽ സ്വാഗതം ചെയ്യാനുള്ള ഭാഗ്യം കിട്ടുന്നു എന്നത് എനിക്ക് വലിയ അഭിമാനമുള്ള കാര്യമാണ്. ശാന്തി, സഹിഷ്ണുത, സാഹോദര്യം തുടങ്ങിയ ശബ്ദങ്ങൾ അംഗീകരിക്കേണ്ടതാണ്. ഭയത്തിന്റേയും വിശ്വാസമില്ലായ്മയുടേയും ഇക്കാലത്തെ അന്തരീക്ഷത്തിൽ അതിന്റെ പ്രാധാന്യം വീണ്ടും വർധിക്കുകയാണ്. നമ്മുടെ മുമ്പിലുള്ള വെല്ലുവിളികളാണിത്. അതിനെ നേരിടേണ്ടത് നമ്മുടെ എല്ലാവരുടേയും ഉത്തരവാദിത്വമാണ്. ഡെന്മാർക്കിലെ ഏറ്റവും പഴയ മുസ്ലിം ജമാഅത്ത് ഈ പരിപാടി സംഘടിപ്പിക്കൂ എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇവിടെ നിങ്ങൾ മറ്റു മതപ്രതിനിധികളുമൊത്ത് ഇരിക്കുന്നു. ഇവരിൽ യഹൂദി, ക്രിസ്ത്യാനി. ബുദ്ധ്, മുസൽമാൻ ഉൾപ്പെടുന്നു. ഈ പ്രദേശം പൂർണമായും മതപരമായ സ്വാതന്ത്ര്യം നല്കുന്നു. വിവിധ മതങ്ങളുമായി ബന്ധം വെക്കുന്നവർ സമാധാനത്തോടെ കഴിയുന്നു. അവരുടെ ഇടയിൽ ഒരു പ്രശ്നങ്ങളുമില്ല. നിങ്ങളുടെ ഖലീഫയുടെ ശാന്തിയും സ്നേഹവും പരത്തുന്നതിനുള്ള ആഗ്രഹവും ഇക്കാര്യത്തെ പ്രതിഫലിപ്പിക്കുന്നു. നിങ്ങൾക്ക് നാകിസ്കോയിൽ മസ്ജിദ് നിർമിക്കാൻ സ്ഥലം കിട്ടിയതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. നിങ്ങൾ ഞങ്ങളുടെ സമൂഹത്തിന്റെ ഭാഗമായതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ക്ഷണിച്ചതിന് വളരെ നന്ദി.

ഇതിനുശേഷം പാർലമെന്റ് വനിത അംഗം Honourable Ulla Sandbaek –ഇവരുടെ ബന്ധം Alternative Party യുമായിട്ടാണ്– തന്റെ പ്രസംഗത്തിൽ പറഞ്ഞു, 'ക്ഷണിച്ചതിന് നന്ദി. ഇവിടെ വന്നപ്പോൾ എനിക്ക് വളരെ സന്തോഷമുണ്ടായി. ഞാൻ വളരെ ആവേശത്തോടെ ഈ പരിപാടിയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രഭാഷണം പ്രതീക്ഷിച്ചിരിക്കുകയാണ്. ഇന്ന് ലോകം നിരവധി ബുദ്ധിമുട്ടുകൾകൊണ്ട് വീർപ്പുമുട്ടുകയാണ്. നമ്മുടെ സംസ്കാരവും നാഗരികതയും നിലനില്ക്കുമോ എന്ന് നമുക്ക് അറിയില്ല. കാരണം അതിന് നാലുഭാഗത്തുനിന്നും ഭീഷണിയാണ്. മതനേതാവ് ശാന്തിയേയും ഐക്യത്തേയും കുറിച്ച് സംസാരിക്കേണ്ടത് വളരെ നിർബന്ധമാണ്. നമ്മുടെ എല്ലാവരുടേയും ബന്ധം മനുഷ്യകുലവുമായിട്ടാണെന്ന് പറയണം. ഇക്കാലത്ത് പോപ്പും പതിവിൽനിന്ന് വിട്ട് സ്നേഹത്തിന്റേയും മൈത്രിയുടേയും ഐക്യത്തിന്റേയും കാര്യങ്ങൾ പറയുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ഹുദൂർ അൻവറും ഇസ്ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ സമാധാനത്തിന്റെ കാര്യം പറയുമെന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇസ്ലാമിലും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സാഹോദര്യത്തന്റേയും ഒരു ശബ്ദം മുമ്പിൽ വന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇന്ന് വൈകുന്നേരം ഇവിടെ നടക്കുന്ന ഹുദൂറിന്റെ പ്രഭാഷണം ശ്രവിക്കാനും ആ സന്ദേശം വീണ്ടും മുന്നോട്ടു പ്രചരിപ്പിക്കാനും അങ്ങനെ ലോകസമാധാനത്തിന് എന്റേതായ നിസ്സാര ഭാഗമിടാനുമാണ് ഞാൻ വന്നത്. ഹുദൂർ ഇവിടെ വന്നതിന് ഞാൻ ഒരുപാട് നന്ദി രേഖപ്പെടുത്തുന്നു.(തുടരും)

## കലാമുൽഇമാം:

"ഇസ്ലാം വലിയ നിഅ്മത്താകുന്നു. അതിനെ വിലമതിക്കുകയും നന്ദി കാണിക്കുകയും ചെയ്യുക."(മൽഫൂദാത്ത് വാല്യം 3 പേജ് 181)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## ഇർശാദുന്നബ്വി(സ)

"അസ്സ്വലാത്തു ഇമാദുദ്ദീൻ."

നമസ്കാരം മതത്തിന്റെ തൂണാകുന്നു.

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

## ഹദീഥുന്നബ്വി(സ)

"അല്ലാഹുവിന്റെ ഖലീഫ ഭൂമിയിലുണ്ടെന്നു നിങ്ങൾ കാൽ അദ്ദേഹവുമായി ചേർന്നുകൊള്ളുക; നിങ്ങളുടെ ശരീരം കഷണംകഷണമാക്കപ്പെട്ടാലും നിങ്ങളുടെ മുതൽ കൊള്ളയടിക്കപ്പെട്ടാലും വേണ്ടില്ല." (മുസനദ് അഹ്മദ് ബിൻ ഹമ്പൽ ഹദീഥുനമ്പർ 22333)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**


Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin